
# പഞ്ചായത്ത്‌രാജ്

പുസ്തകം 56 ◆ ലക്കം 2

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2016



## മഴവെള്ള സംഭരണം വഴി
## വേനൽക്കാല മഴക്കാല
## ജലദുരിതങ്ങൾക്കുള്ള ശാശ്വതപരിഹാരം

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

മേയ് 2016


# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 കേരളത്തിന് അഭിമാന നേട്ടം



11 വരൾച്ചയുടെ അടയാളങ്ങൾ
വിനു എ



15 പഞ്ചായത്ത് എംപ്ലോയീസ് ക്രിക്കറ്റ് ടൂർണ്ണമെന്റ്



18 സഞ്ചയ സഹായി
അരുൺ കുമാർ

26 മഴവെള്ള സംഭരണം വഴി വേനൽക്കാല മഴക്കാല ജലദുരിതങ്ങൾക്കുള്ള ശാശ്വതപരിഹാരം
ഡോ. പ്രൊ. സി. ബാലകൃഷ്ണൻ നായർ

31 അക്കൗണ്ടന്മാരുടെ വാട്സപ്പ് കൂട്ടായ്മ നടത്തി



32 തരിശുനിലങ്ങളിൽനെൽകൃഷി നടത്തി തുമ്പമൺ ഗ്രാമപഞ്ചായത്ത്
മോഹനൻ കാനാട്



33 പടിയൂർ-വിഷരഹിത കൃഷിയിടം : ജൈവ പച്ചക്കറി വിളവെടുത്തു

34 ഭൂമിക്കൊരുണർത്തുപാട്ട്... / കവിത

35 'പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന് വീണ്ടും ദേശീയ അംഗീകാരം



39 വരുമാന സമാഹരണം കുലശേഖരപുരം ഗ്രാമപഞ്ചായത്തിന് ദേശീയ അംഗീകാരം



# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം

## 12–ാം പഞ്ചവൽസര പദ്ധതി 4–ാം വാർഷിക പദ്ധതി (2015–16) അന്തിമമാക്കുന്നതിനും 5–ാം വാർഷിക പദ്ധതി (2016–17) തയ്യാറാക്കുന്നതിനുമുളള മാർഗ്ഗനിർദ്ദേശങ്ങൾ

1. 31/03/2016 തീയതിയിൽ ട്രഷറിയിൽ നിന്നും മാറിയ ബില്ലുകൾക്ക് മാത്രമേ സാംഖ്യ സോഫ്റ്റ് വെയറിൽ എക്സ്പെൻഡിച്ചർ രേഖപ്പെടുത്താൻ കഴിയുകയുളളു. അല്ലാത്ത അലോട്ട്മെന്റുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്.
2. ട്രഷറി കണക്കുകളുമായി ഒത്തുനോക്കി എല്ലാ വരവു ചെലവുകളും സാംഖ്യയിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തേണ്ടതും സുലേഖ സോഫ്റ്റ് വെയറിൽ നിന്നും 2015-16 ന്റെ വാർഷിക പദ്ധതി കണക്കുകൾ പ്രിന്റൗട്ടെടുത്ത് കൃത്യത വരുത്തുകയും ചെയ്യേണ്ടതാണ്.
3. എല്ലാ റിലീസിന്റേയും വിവരങ്ങൾ സാംഖ്യയിലേയ്ക്ക് ഹലലേ്യ ീള മഹഹീോലിേ ആയി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.
4. പുതിയതായി രൂപീകൃതമായ മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷ ന്റെയും 01.11.2015 മുതൽ മുനിസിപ്പൽ സാംഖ്യ സംവിധാനത്തിലേക്ക് മാറിയ ദിവസം വരെയുളള ഇടപാടുകൾ, ഐ.കെ.എം മുനിസിപ്പൽ സാംഖ്യയിലേയ്ക്ക് മാറ്റി നൽകുന്നതാണ്.
5. മറ്റ് മുനിസിപ്പാലിറ്റിയിലേയ്ക്കും കോർപ്പറേഷനിലേയ്ക്കും കൂട്ടി ചേർത്ത് പഞ്ചായത്തുകളുടെ 31.10.2015 - ലെ ക്ലോസിംഗ് ബാലൻസ് കൂട്ടിച്ചേർക്കപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അക്കൗണ്ടു കളിലേയ്ക്ക് ചേർക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ചുളള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. മുനിസിപ്പാലിറ്റികളായിട്ട് മാറുകയും മുനിസിപ്പൽ കോർപ്പറേഷ നുകളോട് ചേർക്കപ്പെടുകയും ചെയ്ത പഞ്ചായത്തുകൾ 31.10.2015 തീയതിയിൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് സാംഖ്യ പഞ്ചായത്ത് വെർഷനിലെ ുലിറശിഴ മേസെ വഴി ചെയ്യേണ്ടതാണ്.
7. 2015-16 ലെ വാലിഡേഷൻ ക്രമീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.
    - ബജറ്റ് തുകയ്ക്ക് പകരം റിലീസ് ചെയ്ത തുകകൾ കൊടുക്കേണ്ടതാണ്.
    - റിലീസ് ചെയ്ത തുകയ്ക്കനുസരിച്ച് പ്രോജക്ടുകൾ ക്രമീകരിക്കേണ്ടതാണ്.
    - ഇങ്ങനെ ക്രമീകരിക്കുമ്പോൾ നിലവിലുളള പ്രോജക്ടുകളിൽ ഉൾപ്പെടാതെ അധികമായി നിൽക്കുന്ന തുക ഉണ്ടെങ്കിൽ അതിന് പ്രോജക്ട് രൂപീകരിക്കേണ്ടതില്ല. പ്രസ്തുത തുക ഉൾപ്പെടുത്തുന്നതിനുളള ക്രമീകരണം ഐ.കെ.എം നടത്തുന്നതാണ്.
    - ജി.ഒ പ്രോജക്ടായി ചെലവഴിച്ച തുകയ്ക്ക് ആകെ ലഭിച്ച തുകയിൽ നിന്നും ഫണ്ട് കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.
    - ഇപ്രകാരം തുക ക്രമീകരിച്ചതിനുശേഷം മാത്രമേ സ്പിൽ ഓവർ പ്രോജക്ടുകൾ 2016-17 വർഷത്തേയ്ക്ക് കൊണ്ടുവരാൻ കഴിയൂ.സ്പിൽ ഓവർ പ്രോജക്ടുകളെ സംബന്ധിച്ച് നിലവിലുളള സംവിധാനം തുടരാവുന്നതാണ്.

ഇതു സംബന്ധിച്ച കൂടുതൽ വിശദീകരണങ്ങൾ സംസ്ഥാനതല സാംഖ്യ സപ്പോർട്ട് സെൽ നൽകുന്നതാണ്.

(സ.ഉ(സാധാ) നം. 1458/2016/തസ്വഭവ തിരുവനന്തപുരം 15/4/10)

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മേയ് 2016 | പുസ്തകം 56 | ലക്കം 2 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ

പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**അജ്മൽ ജെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**അജ്മൽ ജെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

## എഡിറ്റോറിയൽ

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകമാനം സന്തോഷിക്കാവുന്ന ദിനങ്ങളാണ് കഴിഞ്ഞ് പോയത്. ഇതിന്റെ കാരണം മറ്റൊന്നുമല്ല അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് ലഭിച്ച കേന്ദ്ര അംഗീകാരങ്ങളാണ്. 2015-16 ലെ കുമിലേറ്റീവ് ഡെവലൂഷൻ ഇൻഡക്സിൽ കേരളം പ്രഥമ സ്ഥാനത്ത് എത്തിയത് നാം ഏവർക്കും സന്തോഷിക്കാവുന്ന നേട്ടമാണ്. ഇതോടൊപ്പം ഇ-പഞ്ചായത്ത് വിഭാഗത്തിൽ കേരളം രാജ്യത്തെ മികച്ച രണ്ടാം സംസ്ഥാനമായതും നാം പഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന ഇ- ഗവേർണൻസ് പദ്ധതിയ്ക്ക് ലഭിച്ച വലിയ അംഗീകാരമാണ്. ഇതോടൊപ്പം തന്നെ അവാർഡിനർഹരായ മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്, പുലാമന്തോൾ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്ത് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാ പുരസ്കാരത്തിന് അർഹരായ കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്ത് എല്ലാവരും തന്നെ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

ഈ അവാർഡ് നേട്ടങ്ങൾ എല്ലാം തന്നെ നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിന് കൂടുതൽ കരുത്ത് പകരട്ടെ എന്ന് ആശിക്കുന്നു. ഈ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ അധികാരവികേന്ദ്രീകരണ പാതയിൽ കൂടുതൽ മികവുമായി മുന്നോട്ട് വരാൻ മറ്റ് പഞ്ചായത്തുകൾക്കും പ്രേരണയാകേണ്ടതും ആവശ്യമാണ്. ഇത് കൊണ്ട് തന്നെ ഈ പഞ്ചായത്തുകളെപ്പറ്റിയുള്ള ലഘുവിവരണം ഈ ലക്കം പഞ്ചായത്ത് രാജ് മാഗസിനിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

ഇതോടൊപ്പം എടുത്ത് പറയേണ്ട മറ്റൊരു വിഷയം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തുകൾ വഹിച്ച പങ്കിനെയാണ് നമ്മുടെ സംസ്ഥാനത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് അനുഭവപ്പെട്ട കൊടിയ വേനലിൽ പൊതുജനം കുടിവെള്ളം ഇല്ലാതെ ദുരിതം അനുഭവിച്ചപ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തുകൾക്ക് അവർക്ക് സഹായമെത്തിക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനാർഹമാണ്. യഥാസമയങ്ങളിൽ കുടിവെള്ളം എത്തിച്ച് നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ നടത്തിയ പരിശ്രമത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇത്തരത്തിൽ ഉണർന്ന് പ്രവർത്തിക്കുമ്പോൾ ആണ് നാം യഥാർത്ഥ പ്രാദേശിക സർക്കാരുകളായി മാറുന്നത്.

മെയ് മാസത്തോടു കൂടി തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ അവസാനിച്ച് കഴിഞ്ഞു. കേരളത്തിൽ ഒരു ഭരണമാറ്റവും സംഭവിച്ചു കഴിഞ്ഞു. ഇതോടെ പെരുമാറ്റ ചട്ടത്തിന്റെ കുരുക്കുകളിൽ നിന്നും നാം മോചിതരായി പദ്ധതി പ്രവർത്തനത്തിന്റെ ചൂടിലേക്ക് എത്തേണ്ട സമയമായിരിക്കുന്നു. തിരഞ്ഞെടുപ്പ് ജോലികളുമായി ബന്ധപ്പെട്ട് മന്ദഗതിയിലായ നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിലാ ക്കേണ്ടതുണ്ട്. തദ്ദേശ ഭരണ തിരഞ്ഞെടുപ്പിന്റെ തിരക്കിലും കഴിഞ്ഞ സാമ്പത്തിക വർഷം മികച്ച പദ്ധതി നിർവ്വഹണം കാഴ്ച വച്ച നമുക്ക് ഇത്തവണ അതിലും മികച്ച പ്രകടനം കാഴ്ചവെക്കേണ്ടതുണ്ട്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ ഓരോ പഞ്ചായത്ത് ജീവനക്കാരനും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

# കേരളത്തിന്


Kasaragod
KASA
Hosdurg
Taliparamba
KANNUR
Kannur
Thalassery
MAHE
(PUDUCHERRY)
Mananthavady
WAYANAD
Sulthanbathery
Vythiri
Vadakara
KOZHIKODE
Quilandy
Kozhikode
Nilambur
MALAPPURAM
Ernad
(Manjeri)
Tirurangadi
Perinthalmanna
Mannarkad
PALAKKAD
Tirur
Ponnani
Ottappalam
Palakkad
Talappilly
Alathur
Chavakkad
Thrissur
Chittur
THRISSUR
Mukundapuram
(Irinjalakuda)
Kodungallur
Aluva
(Perumbavoor)
Kothamangalam
Paravur
Kunnathunad
Devikulam
ERNAKULAM
Kochi
Kanayannur
Muvattupuzha
IDUKKI
Thodupuzha
Udumbanchola
(Nedumkandam)
Vaikom
Meenachil
(Palai)
Cherthala
KOTTAYAM
Kottayam
Ambalappuzha
Kanjirappally
Peerumade
(Mancombu)
Changanassery
(Alappuzha)
Kuttanad
Mallappally
ALAPPUZHA
Thiruvalla
Ranni
PATHANAMTHITTA
(Haripad)
Chengannur
Karthikappally
Mavelikkara
(Pathanamthitta)
Adoor
Kozhenchery
(Sasthamkotta)
Karunagappally
Kunnathur
(Punalur)
Kottarakkara
Pathanapuram
Kollam
KOLLAM
Chirayinkeezhu
(Attingal)
Nedumangad
THIRUVANANTHAPURAM
Thiruvananthapuram
Neyyattinkara

# അഭിമാന നേട്ടം

അധികാര വികേന്ദ്രീകരണവും, പഞ്ചായത്ത് ശാക്തീകരണവും നടപ്പിലാക്കുന്നതിൽ കേരളം വീണ്ടും പ്രഥമസ്ഥാനത്ത്. കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയത്തിന്റെ 2015-2016 ലെ കുമുലേറ്റീവ് ഡെവല്യൂഷൻ ഇൻഡക്സ് പഠനത്തിൽ കേരളം ഇന്ത്യയിലെ മികച്ച സംസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ടു. 2015-16-ൽ സംസ്ഥാനങ്ങൾ അധികാര വികേന്ദ്രീകരണത്തിനും, പഞ്ചായത്ത് ശാക്തീകരണത്തിനും വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് മികച്ച സംസ്ഥാനത്തെ നിശ്ചയിക്കുന്നത്. കേരളം തുടർച്ചയായി മൂന്നാം തവണയാണ് ഈ നേട്ടം കൈവരിക്കുന്നു എന്നത്, നാം അധികാര വികേന്ദ്രീകണത്തിൽ ശരിയായ ദിശയിലാണ് എന്ന് സൂചിപ്പിക്കുന്നു.

കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം തയ്യാറാക്കിയ വിശദമായ സെവല്യൂഷൻ സ്റ്റഡി സിസ്റ്റം ഉപയോഗിച്ചാണ് ഓരോ സംസ്ഥാനങ്ങളേയും വിലയിരുത്തിയത്. പഞ്ചായത്തുകളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള കൃത്യത, ധനമാനേജ്മെന്റ്, തനത് വരുമാനം, ജനങ്ങളോടുള്ള പ്രതിബന്ധത, പ്രവർത്തനത്തിലെ സുതാര്യത, ഗ്രാമസഭകളുടെ നടത്തിപ്പ്, കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നടത്തിപ്പ്, പദ്ധതി ആസൂത്രണം, തുടങ്ങി പഞ്ചായത്തുകളുമായി ബന്ധപ്പെട്ട മിക്ക വിഷയങ്ങളും പഠന വിധേയമാക്കിയിരുന്നു.

കുമുലേറ്റീവ് ഡെവല്യൂഷൻ ഇൻഡെക്സിൽ കേരളം ഒന്നാം സ്ഥാനം നേടിയപ്പോൾ, മഹാരാഷ്ട്ര രണ്ടാം സ്ഥാനവും, കർണാടക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ സിക്കിം ഒന്നാമതെത്തി.

ഇൻക്രിമെന്റിൽ ഡെവല്യൂഷൻ ഇൻഡെക്സിൽ ആന്ധ്രാപ്രദേശ് ഒന്നാം സ്ഥാനവും, സിക്കിം രണ്ടാം സ്ഥാനവും, ഒഡിഷ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഇ-പഞ്ചായത്ത് അവാർഡിൽ കർണാടക ഒന്നാം സ്ഥാനവും, കേരളം രണ്ടാം സ്ഥാനവും നേടി. വിവിധ സോഫ്റ്റ്വെയറുകൾ ഉപയോഗിച്ച് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ സുഗമമവും, വേഗത്തിലും ആക്കി മാറ്റിയതിനാണ് ഈ അംഗീകാരം.




## കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അംഗീകാരം

അധികാര വികേന്ദ്രീകരണത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയതോടൊപ്പം കേരളത്തിലെ വിവിധതദ്ദേശഭരണ സ്ഥാപനങ്ങൾക്കും അംഗീകാരം ലഭിച്ചു. കൊല്ലം ജില്ലാ പഞ്ചായത്തിനെ മികച്ച ജില്ലാ പഞ്ചായത്തായി തിരഞ്ഞെടുത്തപ്പോൾ കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിനേയും, മലപ്പുറം ജില്ലയിലെ വേങ്ങര സോക്കിനേയും മികച്ച ബ്ലോക്ക് പഞ്ചായത്തുകളായി തിരഞ്ഞെടുത്തു.

തനത് വരുമാന വർദ്ധനവ് എന്ന വിഭാഗത്തിൽ കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തപ്പോൾ, സോഷ്യൽ സെക്റ്റർ ഡെവലപ്പ്മെന്റ് എന്ന വിഭാഗത്തിൽ മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തു. സിവിക് സർവ്വീസ് വിഭാഗത്തിൽ മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തും ദേശീയ പുരസ്കാരം കരസ്ഥമാക്കി.

ഇത്തവണത്തെ ദേശീയ പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ 24 ന് ജംഷ്ഡ്പൂരിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് അവാർഡുകൾ വിതരണം ചെയ്തു.

## അങ്ങാടിപ്പുറം പഞ്ചായത്തിന് ദേശീയ നാരീശക്തി പുരസ്കാരം

വനിതാക്ഷേമം മികച്ച രീതിയിൽ നടപ്പാക്കിയതിന് കേന്ദ്ര വനിത-ശിശുക്ഷേമ മന്ത്രാലയത്തിന്റെ നാരീശക്തി പുരസ്കാരം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിന് ലഭിച്ചു. നാരീശക്തി പുരസ്കാരത്തിന്റെ റാണിരുദ്രാമദേവി അവാർഡ് വിഭാഗത്തിലാണ് അംഗീകാരം. 2014-15 വർഷത്തെ വനിതാക്ഷേമ രംഗത്തെ പ്രവർത്തനങ്ങളാണ് അവാർഡിന് പരിഗണിച്ചത്. രണ്ട് ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്.

വികസനഫണ്ടിൽ നിന്ന് വനിതകൾക്ക് നിർബന്ധമായി നീക്കിവെക്കേണ്ട വിഹിതം പത്ത് ശതമാനമായിരിക്കെ 22 ശതമാനമാണ് വകയിരുത്തിയത്. പെൺകുട്ടികൾക്ക് നീന്തൽ-കരാട്ടേ പരിശീലനം, വനിതകൾക്ക് കാർഷികയന്ത്ര പരിശീലനം, വനിത കാർഷിക ബാങ്ക് എന്നിവയും അവാർഡിനായി പരിഗണിച്ചു. തൊഴിലുറപ്പിൽ മുഴുവൻ പട്ടികജാതി വനിതകളെ ഉൾപ്പെടുത്തി സമ്പൂർണ്ണ എസ്.സി രജിസ്ട്രേഷൻ പഞ്ചായത്തായി പ്രഖ്യാപിച്ചതും വനിതകൾക്ക് മാത്രമായി 61 കിണറുകൾ കുഴിച്ചതും പഞ്ചായത്തിലെ 286 കുടുംബശ്രീ യൂണിറ്റുകൾക്ക് 848 ലക്ഷം രൂപയുടെ ലിങ്കേജ് പഞ്ചായത്തായതും 72 അയൽക്കൂട്ടങ്ങൾ പാട്ടകൃഷിയിലൂടെ നേട്ടം കൊയ്തതും 'സഖി' സംഘടനയുമായി ചേർന്ന് 'സ്ത്രീസൗഹൃദ ഗ്രാമം' വഴി ബോധവത്കരണം നടത്തിയതും അവാർഡ് ലഭിക്കാൻ സഹായകമായി.

ഭരണസമിതി, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ്മയുടെ പരിശ്രമത്തിനാണ് അവാർഡെന്ന് പ്രസിഡന്റ് കേശവൻ, മുൻ പ്രസിഡന്റ് കോറാടൻ റംല, സെക്രട്ടറി കെ. സിദ്ദിഖ് എന്നിവർ പറഞ്ഞു.

## ഇരവിപേരൂർ ഗ്രാമ പഞ്ചായത്ത് ലിംക ബുക്ക് ഓഫ് റിക്കാർഡ്സില് ഇടം നേടി.

ഇരവിപേരൂർഗ്രാമ പഞ്ചായത്ത് ലിംക ബുക്ക് ഓഫ് റിക്കാർഡ്സിന്റെ വികസനം എന്ന അധ്യായത്തിൽ ഇടം നേടി. ലിംക ബുക്കിന്റെ 2016 എഡിഷനിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റും ഇപ്പോഴത്തെ വൈസ് പ്രസിഡന്റുമായ എൻ രാജീവിന്റെ പേരിലാണ് കേരളത്തിലെ മാതൃകാഗ്രാമം എന്ന പേരിൽ റിക്കാർഡ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിൽ ആദ്യമായി പ്രധാമന്ത്രിയുടെ പൊതുഭരണ അവാർഡ്




നേടിയ പഞ്ചായത്ത്, ഇന്ത്യയിൽ ആദ്യമായി ഗ്രാമീണ മേഖലയിൽ ഏറ്റവും കൂടുതല് സ്ഥലങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാക്കിയ ഗ്രാമപഞ്ചായത്ത് എന്നീ പ്രത്യേകതകളും എടുത്ത് പറയുന്നു. മാലിന്യ സംസ്കരണ രംഗത്ത് നടത്തിയ ഇടപെടലുകൾ ശുദ്ധജല ലഭ്യതയ്ക്കായി നടത്തിയ പദ്ധതികൾ എന്നിവയും ഈ മാതൃകകൾ രാജ്യത്തെ 15 സംസ്ഥാനങ്ങളിൽനടപ്പാക്കാൻ മാതൃകയായി തിരഞ്ഞെടുത്തതും ദേശീയ നേട്ടമായി പരിഗണിച്ചാണ് ലിക ബുക്ക് ഓഫ് റിക്കാർഡ്സില് ഇടം നേടുന്നതിന് സഹായകമായത്. വരട്ടാറിന്റെ പുനരുജ്ജീവനത്തിന് നടത്തിയ ശ്രമങ്ങളും എടുത്ത് പറയുന്നു.

ഇഗവേണൻസ് ഉൾപ്പെടെയുള്ള ഭരണ നേട്ടങ്ങൾ പരിഗണിച്ച് നേരത്തേ പഞ്ചായത്തിന് പ്രധാനമന്ത്രിയുടെ പൊതുഭരണ അവാർഡ് ലഭിച്ചിരുന്നു. ഇതേ തുടർന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റില് ഗ്രാമപഞ്ചായത്ത് ഇടം നേടി. കേന്ദ്ര സർക്കാരിന് കീഴിലുള്ള (പബ്ളിക് ഗ്രീവന്സ് ആന്ഡ് അഡ്മിനിസ്റ്റ്ട്രേറ്റീവ് റിഫോർമ്സ് ഫണ്ട്) കേന്ദ്ര ഭരണ പരിഷ്കാര വകുപ്പിനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് ഇഗവേണന്സ് ഉള്പ്പെടെയുള്ള പരിഷ്കാരങ്ങൾക്ക് ഇരവിപേരൂര് ഗ്രാമപഞ്ചായത്തിന് സഹായം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

സിവിൽ സർവീസ് ഉൾപ്പെടെ മത്സരപരീക്ഷകൾക്ക് വിദ്യാർഥികളെ സജ്ജമാക്കാനും ഗ്രാമത്തിന്റെ പൊതു വിവരങ്ങൾ പഠന വിധേയമാക്കാനും വേണ്ടി ഗ്രാമവിജ്ഞാന കേന്ദ്രം സ്ഥാപിച്ചതും ദേശീയതലത്തിൽ മാതൃകയായി പരിഗണിച്ചു.

പഠനത്തിനെത്തിയ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പഞ്ചായത്തുകൾക്ക് അധികാരമില്ല. പലയിടത്തും പഞ്ചായത്തുകളുടെ ഘടനയിൽ കേരളിത്തിലേതുപോലെയുള്ള ജനസംഖ്യയില്ല. അതുകൊണ്ട് തന്നെ അവിടങ്ങളിൽ പഞ്ചായത്തുകൾക്ക് വരുമാനവും ജീവനക്കാരും കുറവാണ്.

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ മഹാരാഷ്ട്ര, ഗുജറാത്ത്, എന്നിവിടങ്ങളിൽ നിന്നും ഗോവ, തെലുങ്കാന എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ ഇരവിപേരൂരിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ വിവിധ പദ്ധതികൾ പഠിക്കാനെത്തി. ഇരവിപേരൂർ പദ്ധതികളുടെ പ്രായോഗിക പഠനത്തിന് കേന്ദ്രം സ്ഥാപിക്കണമെന്ന് മഹാരാഷ്ട്രയിൽ നിന്നെത്തിയ പ്രതിനിധികൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമീണ കോടതി എന്ന ആശയത്തിൽ നടപ്പാക്കിയ ജാഗ്രതാ സമിതിയുടെ പ്രവർത്തനവും ദേശീയ തലത്തിൽ മാതൃകയായി ഇവിടെ നിന്ന് സ്വീകരിച്ചു. മദ്ധ്യപ്രദേശ് സർക്കാർ ഇത് സംബന്ധിച്ച പദ്ധതികൾ അവരുടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള ഒരുക്കത്തിലാണ്.

കേരളസർക്കാരിന്റെ ആദ്യ ബയോഡൈവേഴ്സിറ്റി പുരസ്കാരം നേടിയ പഞ്ചായത്തുകൂടിയായ ഇരവിപേരൂർ ഇന്ത്യയിൽ ആദ്യമായി ഐഎസ്ഒ അംഗീകാരമുള്ള പ്രാഥമികാരോഗ്യ കേന്ദ്രം എന്ന നേട്ടവും കൈവരിച്ചു. നാല് വർഷമായി പൊതുജനങ്ങൾക്കായി യോഗ പരിശീലനവും പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്.

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ളാസ്റ്റിക് മാലിന്യങ്ങള് പൊടിച്ച് ടാറിനൊപ്പം എട്ട് ശതമാനം ചേർത്ത് റോഡിന്റെ നിലവാരം കൂട്ടാമെന്ന് പ്രായോഗികമായി നടപ്പാക്കുന്നതിനും ഇരവിപേരൂർ മാതൃക വിജയം കണ്ടു. 1300 കിലോഗ്രാം പ്ളാസ്റ്റിക്കാണ് കഴിഞ്ഞ വർഷം ടാറിനൊപ്പം വിനിയോഗിച്ചത്. നാല് കിലോമീറ്റർ റോഡാണ് പ്ളാസ്റ്റിക് ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിൽ ടാർ ചെയ്തത്. ഈ വികസന മാതൃകകൾ എൻ



രാജീവിന്റെ നേതൃത്വത്തിൽ കേന്ദ്ര വകുപ്പ് സെക്രട്ടറിമാർക്ക് മുൻപിൽ അവതരിപ്പിച്ചിരുന്നു. സൻസദ് ആദർശ് ഗ്രാമം പദ്ധതിയുടെ ദേശീയ ശിൽപ്പശാലയിലും പദ്ധതികൾ പ്രത്യേക സ്റ്റാളിലൂടെ അവതരിപ്പിച്ചു. ഇതേ തുടർന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ദേശീയ പാതകൾ ടാർ ചെയ്യുമ്പോൾ എട്ട് ശതമാനം പ്ളാസ്റ്റിക് ചേർക്കണമെന്ന് കഴിഞ്ഞ ആഗസ്റ്റില് ഉത്തരവിറക്കിയിരുന്നു. ഇതും പഞ്ചായത്ത നടത്തിയ പദ്ധതികളുടെ ദേശീയ സ്വീകാര്യത വ്യക്തമാക്കുന്നു. ശുദ്ധമായ മാസം ലഭിക്കുന്നതിനുള്ള ആധുനിക അറവുശാലയുടെ നിർമ്മാണവും അവസാന ഘട്ടത്തിലാണ്.

## കായണ്ണ ഗ്രാമപഞ്ചായത്തിന് ദേശീയ അവാർഡ്

2012-13 , 2013-14 , 2014-15 എന്നീ തുടർച്ചയായി മൂന്ന് വർഷവും സംസ്ഥാന ഗവൺമെന്റിന്റെ സ്വരാജ് ട്രോഫി കരസ്ഥമാക്കിയ കായണ്ണ ഗ്രാമപഞ്ചായത്ത് വീണ്ടും അംഗീകാരങ്ങളുടെ നിറവിൽ. കേന്ദ്ര സർക്കാറിന്റെ ദേശീയ അവാർഡായ 'രാഷ്ട്രീയ ഗൗരവ് ഗ്രാമസഭാ പുരസ്കാർ' ആണ് കായണ്ണയെ തേടിയെത്തിയത്. കഴിഞ്ഞ 5 വർഷക്കാലമായി പദ്ധതി നിർവ്വഹണത്തിലും നികുതി പിരിവിലും നൂറ് മേനി കൊയ്ത പഞ്ചായത്താണ് കായണ്ണ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലാ സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന ശരാശരി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചും കൂടുതൽ പേർക്ക് മുഴുവൻ തൊഴിൽ ദിനങ്ങൾ നൽകിയും ഇതിനകം ശ്രദ്ധ നേടിയിട്ടുണ്ട്. ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ പെൻഷൻ ഗ്രാമം എന്ന അംഗീകാരവും തൃശൂർ കിലയിൽ വെച്ച് നടന്ന വിദേശ പ്രതിനിധികൾ പങ്കെടുത്ത അന്താരാഷ്ട്ര സെമിനാറിൽ തിരഞ്ഞെടുക്കപ്പെട്ട 8 പഞ്ചായത്തുകളിൽ ഒന്നായി ഇടം നേടാനും കായണ്ണക്ക് കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലും റോഡ് വികസനത്തിലും കുടിവെള്ള പദ്ധതിയുടെ കാര്യത്തിലും മികച്ച പ്രവർത്തനമാണ് നടത്തിയത്. ജനപങ്കാളിത്തത്തോടുകൂടി നടത്തിയ ക്ലീൻ കായണ്ണ പദ്ധതിയും മാതൃകാപരമാണ്.

സമയബന്ധിതമായി ഗ്രാമസഭകൾ നടത്തിയും ഗ്രാമസഭകളുടെ എണ്ണവും പങ്കാളിത്തവും വർദ്ധിപ്പിച്ചും സ്ത്രീകൾ , കുട്ടികൾ , വികലാംഗർ , വൃദ്ധർ, തൊഴിലാളികൾ എന്നിവർക്കായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർത്തും പഞ്ചായത്ത് മാതൃകയായിട്ടുണ്ട്. അഴിമതി രഹിതവും സുതാര്യവും ജനപക്ഷവുമായ വികസന പ്രവർത്തനങ്ങളിലൂടെ ഒട്ടനവധി അംഗീകാരങ്ങൾ നേടിയെടുക്കുന്നതിൽ ചാലകശക്തികളായി പ്രവർത്തിച്ചത് ജീവനക്കാരും കുടുംബശ്രീ പ്രവർത്തകരും രാഷ്ട്രീയ സാമൂഹിക സന്നദ്ധ പ്രവർത്തകരുമാണ്.

കായണ്ണ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭയിൽ എസ്.സി. അംഗങ്ങൾ വളരെ ഊർജ്ജസ്വലതയോടെ വികസന കാര്യങ്ങളിൽ ഇടപെടാറുണ്ട്. അവരുടെ നിർദ്ദേശങ്ങൾ കായണ്ണ ഗ്രാമപഞ്ചായത്തിലെ പദ്ധതികളായി രൂപാന്തരം പ്രാപിച്ചിട്ടുണ്ട്.

# വരൾച്ചയുടെ അടയാളങ്ങൾ

വിനു എ

സമീപകാലത്തൊന്നും നാം അനുഭവിച്ചിട്ടില്ലാത്ത കടുത്ത ചൂടിന്റെ നാളുകളാണ് മാർച്ച്, എപ്രിൽ മാസങ്ങളിലായി നമ്മുടെ സംസ്ഥാനത്ത് അനുഭവപ്പെട്ടത്. മുൻകാലങ്ങളിലും ചൂടുകാലം വളരെ വൈഷമ്യങ്ങൾ നിറഞ്ഞതായിരുന്നുവെങ്കിലും കേരളത്തിൽ വേനൽമഴ ഒരു അനുഗ്രഹമായി പെയ്തിറങ്ങുകയും പ്രകൃതിയിൽ കുറഞ്ഞ തോതിലെങ്കിലും പച്ചപ്പിന്റെ ഒരു തലം ഒരുക്കിയെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വർഷം അതിന്റെ ആധിക്യം നമ്മുടെ നിഗമനങ്ങൾക്കുമപ്പുറമാവുകയും ജലത്തിന്റെ കാര്യത്തിൽ വലിയ വൈഷമ്യങ്ങൾ അനുഭവിക്കുക മാത്രമല്ല, ചൂടിന്റെ കാഠിന്യത്തെ തുടർന്ന് മരണം വരെ സംഭവിക്കുകയും ചെയ്തു. പുഴകളും തോടുകളും കായലുകളും കിണറുകളും വറ്റിയതോടെ വിവിധ ഭാഗങ്ങളിൽ വലിയ പ്രശ്നങ്ങളാണ് ഉടലെടുത്തത്. ഈ സാഹചര്യത്തിന് തുടർച്ചയുണ്ടായാൽ നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ ഗുരുതരമാവും. മഹാരാഷ്ട്ര ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഉണ്ടായ കടുത്ത വരൾച്ചയുടെ റിപ്പോർട്ടുകൾ പത്രമാധ്യമങ്ങൾ വഴി നാം അറിഞ്ഞതാണ്.

ജീവന്റെ അടിസ്ഥാനം തന്നെ ജലമാണ്. വെള്ളമില്ലാതെ ജീവിതമെന്നത് ചിന്തിക്കാനാവാത്ത കാര്യമാണ്. സാധാരണ ഒരു മനുഷ്യന്റെ ശരീരത്തിന്റെ 60 മുതൽ 70 ശതമാനം വരെ ജലാംശമാണ്. മസ്തിഷ്ക കോശങ്ങളിലാകട്ടെ ഇതിന്റെ അളവ് 80 മുതൽ 85 ശതമാനം വരെയാവും. അത്രയേറെ ശരീരത്തിന്റെ ഭാഗമായി നിലകൊള്ളുന്ന ജലത്തിന്റെ അപര്യാപ്തത ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. ലോകത്ത് ഒരു ബില്യണിൽ കൂടുതലാളുകളാണ് വെള്ളം കിട്ടാതെയോ, ശുദ്ധജലം ലഭിക്കാതെയോ കഷ്ടപ്പെടുന്നത്. വെള്ളത്തിന്റെ ലഭ്യതയില്ലാത്തതു മാത്രമല്ല, മാറിവന്ന കാലവസ്ഥയിൽ ശുദ്ധജലത്തിന്റെ അപര്യാപ്തതയും രോഗത്തിന്റെ പരിധി വർദ്ധിപ്പിച്ചിരിക്കുന്നു. ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികളിൽ രണ്ട് കിടക്കകളിൽ ഒരാൾ ജലത്തിന്റെ





അപര്യാപ്തതയാലോ, അശുദ്ധജലത്തിന്റെ ഉപയോഗത്താലോ രോഗിയാക്കപ്പെട്ടിരിക്കുന്നവുവെന്നാണ് റിപ്പോർട്ട്.

പ്രകൃതി നമുക്കായി കരുതിവെച്ച് നൽകുന്നതാണ് ജലം. ഒരു ജീവാമൃതം പോലെ അതിനെ നാം സ്വീകരിക്കുമ്പോൾ പലപ്പോഴും അതിന്റെ ലഭ്യതയെ കുറിച്ചോ, പ്രാധാന്യത്തെ കുറിച്ചോ നാം ചിന്തിക്കാറില്ല. വേനൽകാലം നമ്മുക്ക് ചുട്ടുപൊള്ളുന്ന, ഓർക്കാൻ ആഗ്രഹിക്കാത്ത നാളുകളുടെ ഭീകരതയാണ് സമ്മാനിക്കുന്നതെങ്കിൽ മഴക്കാലം ആർത്തിരമ്പുന്ന ആഹ്ലാദത്തിന്റെ നിമിഷങ്ങളെണ്ണി കടന്നുപോകുന്നു. നമ്മുടെ കാർഷികചര്യകളുടെ പഴയകാലത്ത് നാം അത്തരത്തിലുള്ള ശീലങ്ങളെയാണ് കൂടെ ചേർത്തത്. കനത്ത ചൂടിൽ മണ്ണ് മഴ ആഗ്രഹിക്കുന്ന കാലങ്ങളിൽ മഴ പെയ്ത് അതിന്റെ വളക്കൂറിനെ പരിപോഷിപ്പിക്കുന്ന ആ പഴയ കാലത്തിന്റെ സ്മരണകൾ മാത്രമേ ഇന്നുള്ളൂ. ജീവിതത്തിന്റെ മാറ്റം സമ്മാനിച്ച പാരിസ്ഥിതിക സാഹചര്യങ്ങളെ പരിശോധിക്കുമ്പോൾ കനത്ത ചൂടിനെ പ്രതിരോധിക്കാനാവുന്ന യാതൊരു ശേഷിയും ഇക്കാലത്ത് നമുക്കില്ലായെന്ന് വരുന്നു. അമിതമായ രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം തീർത്ത ജൈവാവസ്ഥയുടെ ശാപങ്ങൾക്കുപുറമെ, നഗരവത്കരണത്തിന്റെ ശക്തമായ കടന്നുകയറ്റത്തിൽ നഷ്ടപ്പെടുന്ന മരങ്ങളുടെയും പാരിസ്ഥിതിക ജൈവമണ്ഡലങ്ങളുടെയും നഷ്ടവും തീർക്കുന്ന ഭീകരമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ടാണ് നാം മാറ്റത്തിന്റെ ആവശ്യകതയെ ഉയർത്തിപിടിക്കുന്നത്.

**പ്രകൃതി നമുക്കായി കരുതിവെച്ച് നൽകുന്നതാണ് ജലം. ഒരു ജീവാമൃതം പോലെ അതിനെ നാം സ്വീകരിക്കുമ്പോൾ പലപ്പോഴും അതിന്റെ ലഭ്യതയെ കുറിച്ചോ, പ്രാധാന്യത്തെ കുറിച്ചോ നാം ചിന്തിക്കാറില്ല. വേനൽകാലം നമ്മുക്ക് ചുട്ടുപൊള്ളുന്ന, ഓർക്കാൻ ആഗ്രഹിക്കാത്ത നാളുകളുടെ ഭീകരതയാണ് സമ്മാനിക്കുന്നതെങ്കിൽ മഴക്കാലം ആർത്തിരമ്പുന്ന ആഹ്ലാദത്തിന്റെ നിമിഷങ്ങളെണ്ണി കടന്നുപോകുന്നു.**

മണ്ണിലേക്ക് പതിക്കുന്ന വെള്ളം ശുദ്ധമാക്കിതരാനുള്ള നൈസർഗികമായ ശേഷി ഒരു കാലത്ത് നമ്മുടെ മണ്ണിനുണ്ടായിരുന്നുവെങ്കിൽ ഇന്ന് സ്ഥിതി മാറി. പരിസ്ഥിതിയിലുണ്ടായ വലിയ മാറ്റത്തിനൊപ്പം അപ്രത്യക്ഷമായ ജലജീവികളും മണ്ണിലെ സൂക്ഷ്മജീവികളും ചെയ്ത പ്രവൃത്തികൾ ഇന്ന് ചെയ്യപ്പെടുന്നില്ല. മറിച്ച് മലിനമായ പ്രകൃതിയിൽ മലിനമായ ജലമെന്ന വിധത്തിൽ കാലം മുന്നേറുകയാണ്. ജലസ്രോതസുകളെ അതിന്റെ ഏറ്റവും ഭീകരമായ കടന്നാക്രമണത്തിലൂടെ നശിപ്പിച്ചു. കുളങ്ങൾ, ഉറവകൾ, തോടുകൾ, തടാകങ്ങൾ എന്നിവയെല്ലാം മാലിന്യങ്ങളുടെ കൂമ്പാരങ്ങൾ നിറഞ്ഞ് ഉപയോഗിക്കാനാവാതെ മാറിയിരിക്കുന്നു. ബോധപൂർവ്വമല്ലാത്ത മനുഷ്യരുടെ ഇടപെടലിലൂടെയാണ് ഇത് സംഭവിച്ചത്. വെള്ളത്തെ അതിന്റെ ആവശ്യത്തെ തിരിച്ചറിഞ്ഞ് ഉപയോഗിക്കുവാനും സംരക്ഷിക്കുവാനും തയ്യാറാവാത്തതിന്റെ ദുരന്തമാണ് നാം ഇന്ന് അനുഭവിക്കുന്നത്. പ്രകൃതിയെ അതിഭീകരമാം വിധം



**സംസ്ഥാനത്ത് താമസിക്കുന്ന എഴുപത്തിയെട്ടു ലക്ഷം കുടുംബങ്ങൾക്കായി അത്രതന്നെ കിണറുകളുമുണ്ടെന്നാണ് കണക്ക്. ഈ കിണറുകളെയാണ് ഭൂരിഭാഗവും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നത്. എന്നാൽ ഇവയിൽ ഭൂരിഭാഗം കിണറുകളും മാർച്ച് ആവുന്നതോടെ വറ്റി തുടങ്ങുന്നു. അടുത്ത മഴ വരെ വെള്ളം നൽകാനാവാതെ പല കിണറുകളും വറ്റി വരളുന്നു.**

അക്രമിക്കുകയും അതിന്റെ എല്ലാ പ്രതിരോധനീക്കങ്ങളെയും തകർത്തെറിഞ്ഞശേഷം ദുരന്തസാഹചര്യത്തിൽ നിന്നും വിലപിക്കുന്നതിൽ എന്തർത്ഥമാണുള്ളത്. പുനർചിന്തനം അനിവാര്യമായിരിക്കുന്നു.

### കൂടുതൽ മഴ; ജലക്ഷാമം രൂക്ഷം

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നാണ് കേരളം. എന്നിട്ടും നമ്മുക്ക് ജലത്തിന്റെ കാര്യത്തിൽ വലിയ ക്ഷാമം നാം അനുഭവിക്കുകയും ചെയ്യുന്നു. കാർഷികമേഖല ഒരു പരിധി വരെ ജലസംരക്ഷണത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ ബഹുവിള സംവിധാനത്തിൽ നിന്നും മാറി ഏകവിള എന്ന നിലയിലേക്ക് മാറിയതോടെ ജലസംരക്ഷണത്തിന്റെ കാര്യത്തിലുള്ള അച്ചടക്കം ഇല്ലാതായെന്ന് പറയാം. വാണിജ്യവിളകളിലേക്ക് കാർഷികരംഗം മാറിയതോടെ ജലത്തിന്റെ ഉപയോഗം ഭൂമിയുടെ ആവശ്യത്തെ അനുകൂലിക്കുന്ന വിധത്തിലല്ല. വെള്ളം കൂടുതലായി ബാഷ്പീകരിച്ചുകളയുകയോ, ധാരാളം വെള്ളം വലിച്ചെടുക്കുന്ന വിളകളും ഈ കാര്യത്തിൽ നമ്മുടെ പ്രകൃതിയിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ആയതിനാൽ പുതിയ കാലത്ത് വെള്ളത്തെ സംരക്ഷിക്കുകയും അത് ഭാവിക്കായി കരുതിവെക്കുകയും ചെയ്യുകയെന്നത് പ്രധാനമാകുന്നു.

കേരളത്തിലെ പ്രദേശങ്ങൾക്കനുസരിച്ചുള്ള ജലസംരക്ഷണമാർഗങ്ങൾ ആവിഷ്കരിച്ചുകൊണ്ടു മാത്രമേ നമ്മുക്ക് ഈ അപകടകരമായ അവസ്ഥയെ തരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. മണ്ണിന്റെ ഘടന, ആഴം, തരങ്ങൾ, ഭൂമിയുടെ ചരിവ്, കാർഷിക-വ്യവസായരീതികൾ തുടങ്ങിയവയെ പരിഗണിച്ചുകൊണ്ടാണ് ജലസംരക്ഷണമാർഗങ്ങൾ നടത്തേണ്ടത്. സംസ്ഥാനത്ത് താമസിക്കുന്ന എഴുപത്തിയെട്ടു ലക്ഷം കുടുംബങ്ങൾക്കായി അത്രതന്നെ കിണറുകളുമുണ്ടെന്നാണ് കണക്ക്. ഈ കിണറുകളെയാണ് ഭൂരിഭാഗവും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നത്. എന്നാൽ ഇവയിൽ ഭൂരിഭാഗം കിണറുകളും മാർച്ച് ആവുന്നതോടെ വറ്റി തുടങ്ങുന്നു. അടുത്ത മഴ വരെ വെള്ളം നൽകാനാവാതെ പല കിണറുകളും വറ്റി വരളുന്നു. നമുക്കായി വർഷം തോറും വെള്ളം തരുവാനായി നാമെന്താണ് കിണറിനു നൽകിയത്? അത് പരിശോധിക്കുമ്പോഴാണ് നമ്മുക്ക് ചെയ്യാവുന്ന പല കാര്യങ്ങളും നാം ചെയ്യാതെ വരൾച്ചയെ കുറ്റപ്പെടുത്തുകയായിരുന്നു എന്ന് മനസിലാവുന്നത്. ജൂൺ മുതൽ നമ്മുക്ക് ഭേദപ്പെട്ട മഴ ലഭിക്കുന്നുണ്ട്. എന്നാൽ ഈ മഴയിൽ നിന്നും ഭൂമിയിലേക്ക് പെയ്തിറങ്ങിയ വെള്ളം എവിടേക്ക് പോയി?

പെയ്തിറങ്ങിയ മഴ പറമ്പിലൂടെ, ഓടയിലൂടെ ഒഴുകി തോട്ടിലോ പുഴയിലോ അപ്രത്യക്ഷമായി. ചെന്നുച്ചേർന്ന പുഴയും ഇപ്പോൾ വേനലാവുമ്പോൾ വറ്റി വരളുന്നു. നമ്മുടെ വീടുകൾക്ക് മേൽ അനുഗ്രഹമായി പെയ്തിറങ്ങിയ മഴ ഇത്തരത്തിൽ അപ്രത്യക്ഷമാകുന്നതിൽ നാം തന്നെയാണ് ഉത്തരവാദികൾ. കിണറിനെ റീഫിൽ ചെയ്യുന്ന പ്രവർത്തനം നടത്തുകയെന്നതാണ് ജലസംരക്ഷണത്തിൽ ഓരോ വ്യക്തിക്കും ചെയ്യാവുന്ന ഏറ്റവും ലളിതവും നേരിട്ടുള്ളതുമായ ഇടപെടൽ. ഭൂമിയിലേക്ക് പതിക്കുന്ന മഴവെള്ളത്തെ സംരക്ഷിച്ച് മണലും ചിരട്ടക്കരിയും ഉപയോഗിച്ച് ശുദ്ധീകരിച്ച് കിണറിലേക്ക് നിറക്കുന്നതിലൂടെ, അല്ലെങ്കിൽ ഭൂമിക്കടിയിലേക്ക് കടത്തിവിടുന്നതിലൂടെ ആ പ്രദേശത്തിന്റെ ജലശേഷിയെ വർദ്ധിപ്പിക്കാനാവും. ഇത്തരത്തിൽ വെള്ളത്തെ അതാതിടങ്ങളിൽ സംരക്ഷിക്കുന്നതിലൂടെ വിവിധ പ്രയോജനങ്ങൾ ഉണ്ട്. ഭൂമിയിൽ അറകൾ തീർത്ത് ജലം അവിടെ സംരക്ഷിക്കുന്നതിലൂടെ ഭൂജലശേഷി വർദ്ധിക്കുന്നതിനൊപ്പം വെള്ളക്കെട്ട്, വെള്ളപ്പൊക്കം എന്നിവയെ ഫലപ്രദമായി പ്രതിരോധിക്കാനും സാധിക്കുന്നു.

ഈ കാര്യത്തിൽ ഏറ്റവും വലിയ പ്രവർത്തനം നടത്തേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. ജനങ്ങളിൽ ഭാവിയെ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ഉതകുന്ന വിധത്തിൽ മാറ്റുകയെന്നിടത്താണ് ഇത്തരം സ്ഥാപനങ്ങൾ അവയുടെ കടമ നിർവഹിക്കുന്നതെന്ന് പറയാം. തദ്ദേശസ്ഥാപനങ്ങൾ കുടിവെള്ളത്തിന്റെ വിതരണത്തിനും അതിന്റെ സാർവത്രികമായ ക്രമീകരണത്തിനുമായി കാണുന്ന മാർഗം പൈപ്പുവെള്ളം എന്ന അവസ്ഥയെയാണ്. എന്നാൽ ഇത് ശാശ്വതമായ പരിഹാരമോ മാർഗമോ ആയി മാറുകയില്ല. സമഗ്രമായ കാഴ്ചപ്പാടോടെ വാർഡ്ടിസ്ഥാനത്തിൽ ജലപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ സാധിക്കണം. ജലത്തിന്റെ ഉപയോഗം വർദ്ധിച്ചുവന്നുകൊണ്ടിരിക്കേ, വാർഡുതലത്തിൽ അതിനായി സമഗ്രമായ പദ്ധതികൾ തയ്യാറാക്കുവാൻ ഓരോ തദ്ദേശസ്ഥാപനവും മുൻകൈയെടുക്കണം. ജലസുരക്ഷക്കും ശുചിത്വത്തിനുമായി പ്രതിവർഷം അഞ്ച് ലക്ഷത്തിൽ കൂടുതൽ തുക ഓരോ തദ്ദേശസ്ഥാപനത്തിനും ചെലവഴിക്കേണ്ടിവരുന്നുണ്ട്. അങ്ങനെ വരുമ്പോൾ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കായി ഓരോ വർഷവും ഭീമമായ തുക ചെലവഴിച്ചുതീരും. ഇത് നാടിന്റെ വികസനത്തെയാണ് പ്രതികൂലമായി ബാധിക്കുക.

ഓരോ തദ്ദേശസ്ഥാപനവും ജലസംരക്ഷണം നടപ്പിലാക്കുവാൻ മുന്നിട്ടിറങ്ങിയാൽ കടുത്ത ചൂടിൽ ഉരുകിയ മാസങ്ങളുടെ വേദനകളെ നമ്മുക്ക് പ്രതിരോധിക്കാനാവും. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ നിർബന്ധമായി ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും തദ്ദേശസ്ഥാപനത്തിന് സാധിക്കുന്ന ഇടങ്ങളിൽ സ്ഥാപനം നേരിട്ടും ഇത്തരം ജലസംരക്ഷണപദ്ധതികൾ നടപ്പിലാക്കി മാതൃകയാവണം. തുടർച്ചയായ നാലോ അഞ്ചോ വർഷങ്ങളിലൂടെ നമ്മുക്ക് ജലദൗർബല്യത്തെ മറികടക്കാനാവും. അതിനുള്ള ശ്രമങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളും മേധാവികളും നേതൃത്വം നൽകണം.

*എൻ.ആർ.എച്ച്.എം. ജൂനിയർ കൺസൾട്ടന്റാണ് ലേഖകൻ*



# പഞ്ചായത്ത് എംപ്ലോയീസ് ക്രിക്കറ്റ് ടൂർണ്ണമെന്റ് (PECT 2016)

പഞ്ചായത്ത് ജീവനക്കാർക്കിടയിൽ വർദ്ധിച്ച് വരുന്ന ജോലി സമ്മർദ്ദങ്ങൾക്ക് താത്ക്കാലിക വിട നൽകുന്നതിനും, മാനസികോല്ലാസം പകരുന്നതിനുമായി പാലക്കാട് ജില്ലയിലെ ജീവനക്കാർക്കായി പരീക്ഷണാടിസ്ഥാനത്തിൽ പരിമിത ഓവർ ടെന്നീസ് ബോൾ ക്രിക്കറ്റ് ടൂർണ്ണമെന്റ് നടത്തുന്നതിനായി ആലോചന യോഗം 08.04.2016 ന് രാവിലെ ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് കൂടുകയുണ്ടായി പ്രസ്തുത യോഗത്തിൽ വി.രാധാകൃഷ്ണൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എം.ബി. ദേവീദാസൻ, സീനിയർ സൂപ്രണ്ട് പി.എ.യു 1, അബ്ദുസലാം ജെ.എസ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ജോമോൻ ജോർജ്ജ് സെക്രട്ടറി ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, മാത്യു.കെ.ഡാനിയൽ, സെക്രട്ടറി വിളയൂർ ഗ്രാമപഞ്ചായത്ത്, കെ.രവീന്ദ്രൻ, ടി.കെ കണ്ണൻ സെക്രട്ടറി വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, ആഷിഫ് എച്ച്.സി കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്, രാജശേഖർ, സീനിയർ ക്ലർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, അനൂപ്.എ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, വിനീഷ് സുരേന്ദ്രൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ജയകൃഷ്ണൻ.സി പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, കെ.ജി പ്രവീൺ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്, ശിവപ്രസാദ്, ഡി.ടി.ഒ ഐ.കെ.എം എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## സംഘാടകസമിതി / ധനസമാഹരണം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനി.സൂപ്രണ്ട് ശ്രീ. അബ്ദുസലാം ടൂർണ്ണമെന്റ് 24.04.2016ന് നടത്തുവാൻ ഉദ്ദേശിക്കുന്നതിനെക്കുറിച്ചും, പ്രസ്തുത ടൂർണ്ണമെന്റിന്റെ ലക്ഷ്യവും, അതു വഴി പഞ്ചായത്ത് ജീവനക്കാർക്ക് ലഭിക്കുന്ന ഊർജ്ജത്തെക്കുറിച്ചും യോഗത്തിൽ സംസാരിച്ചു. തുടർന്ന് പി.എ.യു 1 സീനിയർ സൂപ്രണ്ട് എം.ബി. ദേവീദാസൻ, ഈ ടൂർണ്ണമെന്റ് നടത്തുന്നതിനായി മുൻകൈയ്യെടുക്കാമെന്ന് അറിയിച്ച ജീവനക്കാരെ പ്രത്യേകം അനുമോദിച്ചു. തുടർന്ന് മലമ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. രവീന്ദ്രൻ ഈ ടൂർണ്ണമെന്റ് പരാതി വരാത്ത രീതിയിൽ നടത്തുന്നതിന് പ്രധാന്യം നൽകണമെന്നും, കടുത്ത ചൂടുള്ള സമയമായതിനാൽ മത്സരത്തിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് ആവശ്യമായ മുൻകരുതൽ എടുക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകണമെന്നും അഭിപ്രായപ്പെട്ടു.

ടൂർണ്ണമെന്റ് രക്ഷാധികാരിയായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വി.രാധാകൃഷ്ണൻ, ചെയർമാൻ എം.ബി ദേവിദാസൻ സീനിയർ




*പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പഞ്ചായത്ത് എംപ്ലോയീസ് ക്രിക്കറ്റ് ടൂർണമെന്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*





സൂപ്രണ്ട്, കൺവീനർ ശ്രീ. അബ്ദുസലാം ജൂനി.സൂപ്രണ്ട് എന്നിവരെ തിരഞ്ഞെടുക്കുകയും യോഗത്തിൽ പങ്കെടുത്ത മറ്റുള്ളവരെ അംഗങ്ങളായി തിരഞ്ഞെടുക്കുകയും, ടൂർണ്ണമെന്റ് നടത്തിപ്പിന് വരുന്ന പ്രതീക്ഷിത ചെലവ് കമ്മിറ്റിയിൽ വായിച്ചംഗീകരിക്കുകയും, അതിനാവശ്യമായ ഭൗതികവസ്തുക്കൾ സ്പോൺസർഷിപ്പിലൂടെ സമാഹരിക്കുന്നതിനും തീരുമാനിച്ചു.

ടൂർണ്ണമെന്റിന് ആവശ്യമായ ബാറ്റ്, ബോൾ, വിക്കറ്റുകൾ, എന്നിവ പി.എ.യു 4 ടീമിന്റെ നേതൃത്വത്തിൽ മണ്ണാർക്കാട് മൈക്രോ ഓഫ്സെറ്റ് പ്രിന്റേഴ്സിൽ നിന്നും, 500 ലിറ്റർ കുടിവെള്ളം പി.എ.യു 2 ടീമിന്റെ നേതൃത്വത്തിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ശ്രീധർ മിനറൽസസിൽ നിന്നും, വിജയികൾക്കുള്ള ട്രോഫികൾ ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ യൂണിറ്റ് ചിപ്സെറ്റ് കമ്പ്യൂട്ടേഴ്സ് പാലക്കാട് നിന്നും, ടൂർണ്ണമെന്റിന്റെ പരസ്യപ്രചരണം, ഔദ്യോഗിക ബാനർ എന്നിവ പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും, കളിക്കാർക്കും, കാണികൾക്കുമുള്ള ഉച്ച ഭക്ഷണം പി.എ.യു 1 ടീമിന്റെ നേതൃത്തിൽ കള്ളിയത്ത് സ്റ്റീൽസ്, പ്രിൻസ് ഗ്രൂപ്പ് എന്നിവടങ്ങളിൽ നിന്ന് സ്പോൺസർഷിപ്പ് മുഖേന ലഭ്യമാക്കാമെന്ന് യോഗത്തിൽ പ്രതിനിധികൾ അറിയിച്ചു. ഗ്രൗണ്ട് ഫീസ്, അമ്പയർമാരുടെ ഫീസ് എന്നിവ ഹെഡ്ക്വാർട്ടേഴ്സ് ടീമിലെ കളിക്കാരിൽ നിന്നും, പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സ്റ്റാഫിൽ നിന്നുമായി പിരിവെടുത്ത് നൽകുന്നതിനും യോഗത്തിൽ തീരുമാനിച്ചു. തുടർന്ന് മത്സരാർത്ഥികൾക്കായി ഒരു യോഗം നടത്തുന്നതിനും തീരുമാനിച്ച് യോഗം പിരിഞ്ഞു.

## മത്സര സംഘാടനം

ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളെ പെർഫോമൻസ് ഓഡിറ്റ് തലത്തിൽ ക്രമീകരിച്ച് ആറ് ടീമുകളും, ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള ടെക്നിക്കൽ അസ്സിസ്റ്റന്റുമാരുടെ ഒരു ടീമും, പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, എ.ഡി.പി ഓഫീസ് & ജില്ലാ പഞ്ചായത്തിലെ പഞ്ചായത്ത് ജീവനക്കാർ എന്നിവരുൾപ്പെടുന്ന ഹെഡ്ക്വാർട്ടേഴ്സ് ടീമുമടക്കം 8 ടീമുകളെ ടൂർണ്ണമെന്റിൽ അണിനിരത്തുവാൻ സംഘാടക സമിതി യോഗത്തിൽ തീരുമാനിച്ചു.

ടീമുകളുടെ രൂപീകരണവുംപ്രവർത്തനവും ഏകോപിപ്പിക്കുവാനായി ഓരോ ടീമിനും ഓരോ മാനേജർ / കോർഡിനേറ്റർ എന്നിവരെയും യോഗത്തിൽ തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തി. പ്രസ്തുത വിവരം എല്ലാ പഞ്ചായത്തുകളിലേക്കും അറിയിക്കുകയുണ്ടായി.

കളിക്കാരുടെ രജിസ്ട്രേഷൻ 12.04.2016 തീയതി മുതൽ 16.04.2016

വരെ സ്വീകരിക്കുന്നതിനും, ഗ്രൗണ്ട് അറേഞ്ച്മെന്റിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ അനൂപ്. എ, വിനീഷ് സുരേന്ദ്രൻ എന്നിവരെ ചുമതലപ്പെടുത്തി,

കേരള ആംഡ് പോലീസ് -2 ബറ്റാലിയൻ മുട്ടിക്കുളങ്ങര കമ്മാൻഡന്റിന് രേഖാമൂലം ഗ്രൗണ്ട് അനുവദിച്ച് തരുന്നതിന് അഭ്യർത്ഥിച്ചതിനെ തുടർന്ന് വളരെ അനുഭാവപൂർവ്വമായി പ്രസ്തുത അപേക്ഷ പരിഗണിച്ച് കേരളത്തിലെ തന്നെ ഏറ്റവും മികച്ച ഗ്രൗണ്ടുകളിലൊന്നായ കെ.എ.പി 2 ബറ്റാലിയൻ ഗ്രൗണ്ട് അനുവദിച്ച് തന്നു.

## ടൂർണ്ണമെന്റ്

24.04.2016 ഞായറാഴ്ച രാവിലെ 7 മണിക്ക് ടൂർണ്ണമെന്റ് ആരംഭിക്കുന്നതിന് മുന്നോടിയായി ടൂർണ്ണമെന്റ് കൺവീനർ ശ്രീ. അബ്ദുസലാം സ്വാഗതം ആശംസിച്ചു. ടൂർണ്ണമെന്റ് കമ്മിറ്റി ചെയർമാൻ പി.എ.യു 1 സീനിയർ സൂപ്രണ്ട് എം.ബി. ദേവീദാസൻ അദ്ധ്യക്ഷ പ്രസംഗം നടത്തി. ടൂർണ്ണമെന്റിന് എല്ലാ ഭാവുകങ്ങളും നേർന്ന് കൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഔദ്യോഗിക ഉദ്ഘാടനം നടത്തുകയും, ടൂർണ്ണമെന്റിന്റെ സമാപന സമ്മേളനത്തിന് സമ്മാനദാനം നിർവ്വഹിക്കുന്നതിന് ബഹു: പഞ്ചായത്ത് വകുപ്പ് ജോയിന്റ് ഡയറക്ടർ (ഭരണം) ശ്രീ. സി. എൻ ബാബു പങ്കെടുക്കുന്നതാണെന്നും അറിയിച്ചു.

## ഫൈനൽ / സമ്മാനദാനം

ഫൈനൽ മത്സരം 3.30 ന് ആരംഭിക്കാനിരിക്കുന്നതിന് മുമ്പ് മത്സരം വീക്ഷിക്കുന്നതിനും, സമാപന ചടങ്ങിൽ പങ്കെടുക്കുന്നതിനുമായി ബഹു: പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ(ഭരണം) എത്തിച്ചേർന്നു. പാലക്കാട്ടെ അസഹ്യമായ ചൂട് വകവെയ്ക്കാതെ മത്സരിക്കാൻ എത്തിയ പഞ്ചായത്ത് ജീവനക്കാരെ അഭിനന്ദിച്ച്, ടൂർണ്ണമെന്റിന് ആശംസകൾ നേർന്നു. വരും വർഷങ്ങളിൽ ഈ കൂട്ടായ്മ തുടരുന്നതിനും, ഭാവിയിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്ത് ജീവനക്കാരെ കോർത്തിണക്കി സം






സ്ഥാനതല ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതിന് കഴിയട്ടെ എന്നും ആശംസിച്ചു. ഫൈനൽ മത്സരത്തിൽ ഏറ്റുമുട്ടുന്ന ഹെഡ് ക്വാർട്ടേഴ്സ് ടീമിലെയും, പി.എ.യു 2 ടീമിലെയും കളിക്കാർക്കും ഒഫിഷ്യൽസിനും ഹസ്തദാനം നൽകി പരിചയപ്പെട്ടു. ടോസ് ലഭിച്ച പി.എ.യു 2 ടീം ഫീൽഡിംഗ് തിരഞ്ഞെടുക്കുകയും, ഹെഡ് ക്വാർട്ടേഴ്സ് ടീം 10 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 115 റൺസ് നേടുകയും, തുടർന്ന് ബാറ്റ് ചെയ്ത് പി.എ.യു 2 ടീം അത്യന്തം വാശിയേറിയ മത്സരത്തിൽ 2 പന്തുകൾ ബാക്കി നിൽക്കേ വിജയലക്ഷ്യം മറികടന്ന് പ്രഥമ പഞ്ചായത്ത് എംപ്ലോയീസ് ക്രിക്കറ്റ് ടൂർണ്ണമെന്റിൽ (PECT 2016 ) ജേതാക്കളായി.

സമ്മാനദാന വേളയിൽ ടൂർണ്ണമെന്റിലെ മികച്ച ബാറ്റ്സ്മാനായി പി.എ.യു 2 ലെ ദീപക്കിനേയും, മികച്ച ബൗളറായി ഹെഡ് ക്വാർട്ടേഴ്സ് ടീമിലെ ഷാഫിയേയും തിരഞ്ഞെടുക്കുകയും ചെയ്തതിനെ തുടർന്ന് വിജയികൾക്കുള്ള ട്രോഫി ബഹു: ജോ.ഡയറക്ടർ (ഭരണം) ശ്രീ. സി.എൻ ബാബു യൂണിറ്റ് 2 ന് കൈമാറി.

*റിപ്പോർട്ട് തയ്യാറാക്കിയത്: വിനീഷ് സുരേന്ദ്രൻ, സി.ഡി.പി. ഓഫീസ്, പാലക്കാട്*

# സഞ്ചയ സഹായി

അരുൺ കുമാർ


നിലവിൽ പല പഞ്ചായത്തുകളിലും വസ്തു നികുതി പരിഷ്കരണം വഴിമുട്ടി നിൽക്കുകയാണ്. നമ്മുടെ സ്റ്റേറ്റ് ഫോറം6 എന്റെറി കണക്കുകളിൽ നിന്നും വ്യക്തമാണ്. സാംഖ്യയുമായി സിംഗർണയിസ് ചെയ്ത പഞ്ചായത്തുകളിൽ പോലും പഞ്ചായത്തിന്റെ പ്രധമ വരുമാന മാർഗ്ഗമായ വസ്തു നികുതി  ഡിമാന്റ് എത്ര എന്ന് പോലും വ്യക്തമല്ല എന്ന വസ്തുത നിസാരമായി തള്ളിക്കളയാൻ സാധിക്കില്ല. സഞ്ചയ സോഫ്റ്റവയർ എങ്ങനെ കൈകാര്യം ചെയ്യണം എന്നത് സംബന്ധിച്ച് പരിശീനലം നൽകാത്തതിനാലും, നികുതി പിരിവ് കോൺഫ്രൻസ് അജണ്ടകളിൽ നിന്നും ഒഴിവായതും ഈ പിന്നോക്കത്തിനു ആക്കം കൂട്ടി. ഈ പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിന് എന്റെ അനുഭവങ്ങളിൽ നിന്നും പഠിച്ച പാഠങ്ങൾ നിങ്ങൾക്കും ഉപയോഗപ്രദം ആകെട്ടേ എന്ന കരുതി പങ്ക് വയ്ക്കുകയാണ്.

## നിലവിൽ ഫോറം 6 പൂർത്തീകരിക്കുന്നതിലേക്ക് എത്ര ഫോറം 6 ഇനിയും ചെയ്യാനുണ്ട് എന്ന് ആദ്യം അറിയേണ്ടതുണ്ട്.

ഇതിനായി സെക്രട്ടറിയുടെ ലൊഗിനിൽ നിന്നും റിപ്പോർട്ട് മെനുവിൽ വലത്ത് വശത്ത് മുകളിൽ കാണുന്ന ബേസ് ഡാറ്റാ ഇൻ എക്സൽ എന്ന റിപ്പോർട്ട് എടുക്കുക.



ബേസ് ഡാറാറാ ഇൻ എക്സൽ എന്നമെനു അമർത്തുക



മെയിൻ ആഫീസ്, വർഷം 1993 , ഫോറം 6 തുടങ്ങാത്തത് എന്നിവ സെലക്റ്റ്ചെയ്യുക



എക്സലിലേക്ക് എക്സപോർട്ട് ചെയ്യുക.

ഇപ്പോൾ താങ്കളുടെ പഞ്ചായത്തിലെ പഴയ അസ്സസ്മെന്റ് ഡാറ്റാ എന്റെറി നടത്തിയതിൽ ഫോറം 6 എന്റർ ചെയ്യാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭിച്ചു. ആയത് അടിയന്തിരമായി പൂർത്തീകരിക്കുക.

ഇനി പഴയ അസ്സസ്മെന്റ ഡാറ്റാ എന്റെറി നടത്തിയപ്പോൾ പെളിച്ചുകളഞ്ഞ കെട്ടിടങ്ങൾ , ഫോറം 6 ആവശ്യമില്ലാത്ത അനുബന്ധ കെട്ടിടങ്ങൾ ,ഇരട്ടിപ്പ് മുതലായവ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ ആയത് വിശദമായ ഫീൽഡ്തല അന്വേഷണം നടത്തി, ടി കെട്ടിടത്തിനു നികുതിയില്ലാ എന്ന് ഉറപ്പു വരുത്തിയ ശേഷം (സാഖ്യയിൽ ടി കെട്ടിട നംപരിൽ നാളിതുവരെ നികുതി അടച്ചിട്ടില്ല എന്ന് രസീത് സേർച്ച് വഴി ഉറപ്പാക്കാവുന്നതാണ്) റിപ്പോർട്ടാക്കുകയും, ആയത് ഫീൽഡ്തല ഉദ്യോഗസ്ഥനെ കൊണ്ടും, സൂപ്പർ വൈസറെ കൊണ്ടും സാക്ഷ്യപ്പെടുത്തി പഞ്ചാത്ത് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയശേഷം സെക്രട്ടറിയുടെ ലോഗിനിൽ നിന്നും ഡിമോളിഷ്/ ഡെലീറ്റ് നേരിട്ട് ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ഡിമോളിഷ്/ ഡെലീറ്റ് ചെയ്യുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ റിപ്പോർട്ട് മെനുവിൽ  ഡിമോളിഷ്/ ഡെലീറ്റ് കെട്ടിടങ്ങളുടെ ലിസ്റ്റിൽ വരുന്നതാണ്.

ഇനി തറ വിസ്തീർണ്ണത്തിൽ പുതിയ നംപർ പ്രകാരം അസ്സസ് ചെയ്യുകയും എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ തുടങ്ങുകയും ചെയ്യാത്ത് കാലത്ത് മാനുവൽ ആയി ചെയ്ത അസ്സസ്മെന്റുകളും ഫോറം 6 ചെയ്തു എന്ന് ഉറപ്പു വരുത്തുക

ഫോറം6 പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കിയാൽ പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും പുതിയ നിരക്കിൽ ഡിമാന്റ തയ്യാറായി എന്ന് മനസിലാക്കാം, എന്നാൽ ഡിമാന്റിൽ സർക്കാർ ജി ഒ 358/15 പ്രകാരം അനുവദിച്ച് ഇളവുകളും, വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങളുടെ ഇളവുകളും ഡിമാന്റിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്.

1. 660 സ്ക്വയർ ഫീറ്റിൽ താഴെ യുള്ള കെട്ടിടങ്ങൾ സത്യ

വാങ്ങ്മൂലം നൽകിയത് ഒഴിവാക്കുക. ക്ളാർക്കിന്റെ ലോഗിനിൽ Request Menu വിൽനിന്നും ownership / new form 6 menu







ഈ മെനുവിൽ സെക്ഷൻ ക്ളാർക്കിനു സെക്രട്ടറിയുടെ ലോഗിനിൽ സെറ്റിംഗസ് മെനുവിൽ നിന്നും പ്രിവിലേജ്, വാർഡുകൾ നൽകിയാൽ മാത്രം വാർഡുകൾ ലിസ്റ്റ് ചെയ്യുകയൊള്ളൂ

2. വിമുക്ത ഭടൻമാരുടെ കെട്ടിടനികുതി അപേക്ഷകൾ എന്റർ ചെയ്ത് കരം ഒഴിവാക്കുക.(ഇതും മുകളിൽ പറഞ്ഞ മെനുവിൽ നിന്നും.)
3. പഴയ അസ്സസ്മെന്റ് ഡാറ്റാ എന്റ്റി പി.ഡി.എ പൂർത്തീകരിച്ചതിനു ശേഷം അസ്സസ്മെന്റ് രജിസ്റ്ററുകളിൽ മാനുവൽ ആയി നടത്തിയ ഉടമസ്ഥാവകാശ മാറ്റം എല്ലാം സഞ്ചയയിൽ മാറ്റം വരത്തുക. .(ഇതും മുകളിൽ പറഞ്ഞ മെനുവിൽ നിന്നും.)

**ഇത്രയും പൂർത്തീകരിച്ചു കഴിഞ്ഞാൽ താങ്കളുടെ പഞ്ചായത്തിലെ കെട്ടിടനികുതി ഡിമാന്റ് പൂർത്തീകരിച്ചതായി കണക്കാക്കാം. ഇനി അരിയർ ഡിമാന്റ്, കളക്ഷൻ പോസ്റ്റിംഗ് മുതലായവയാണ് പൂർത്തീകരിക്കേണ്ടത്.**

**അരിയർഡിമാന്റിനായി രണ്ട് മാർഗങ്ങൾ സ്വീകരിക്കാവുന്നതാണ്.**

1. വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്ന 01/04/2014ലെ അരിയർ ഡിമാന്റ് രജിസ്റ്റർ പഞ്ചായത്തിൽ ഉണ്ട് എങ്കിൽ അതിലെ കെട്ടിടങ്ങൾ എന്ന് മുതൽ കുടിശ്ശിക എന്ന് എന്റർ ചെയ്യുക. പ്രസ്തുത കെട്ടിടങ്ങളുടെ അരിയർ ഡിമാന്റ് സോഫ്റ്റവയർ തയ്യാറാക്കുന്നതാണ്.
2. 01/04/2014ലെ അരിയർ ഡിമാന്റ് രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമല്ലെങ്കിൽ കളക്ഷൻ എല്ലാം പോസ്റ്റ് ചെയ്ത് ശേഷം നാളിതുവരെ കരം അടക്കാത്ത കെട്ടിടങ്ങൾ ഐ.കെ.എം ലിസ്റ്റ് ചെയ്യുകയും പ്രസ്തുത കെട്ടിടങ്ങൾ എന്നുമുതൽ കുടിശ്ശിഖ എന്ന് എന്റർ ചെയ്ത് നൽകിയാൽ പ്രസ്തുത കെട്ടിടങ്ങളുടെ അരിയർ ഡിമാന്റ് സോഫ്റ്റവയർ തയ്യാറാക്കുന്നതാണ്.

4. ആദ്യമായി ഒന്നാമതായി പറഞ്ഞ വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്ന 01/04/2014ലെ അരിയർ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങൾ എന്ന് മുതൽ കുടിശ്ശിക എന്ന് എന്റർ ചെയ്യുക. അതിനായി ക്ളാർക്കിന്റെ ലോഗിനിൽ Request Menu വിൽ നിന്നും Arrear Demand Generation






അരിയർ കെട്ടിടങ്ങൾ 1993 പഴയ നമ്പറിൽ ആയതിനാൽ വർഷം 1993 സെലക്ട്ചെയ്യാൻ ശ്രദ്ധിക്കുക



കെട്ടിട ഉടമസ്ഥന്റെ പേര് ,വിലാസം, പഴയ,പുതിയ നികുതി എന്നിവ ലിസ്റ്റ് ചെയ്യും. ടി കെട്ടിടം 01/04/2013 ൽ എന്നുമുതൽ കുടിശ്ശിക എന്ന് രേഖപ്പെടുത്തുന്നതിലേക്കായി പ്രസ്തുത വർഷം കോമ്പോയിൽ നിന്നും തിരഞ്ഞെടുക്കുക. (01/04/2013 നു ശേഷം ടി കെട്ടിടത്തിന്റെ കരം അടക്കുകയും ആയത് അരിയർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും ടി കെട്ടിടം 01/04/2013 ലെ അരിയർ കെട്ടിടമായി കണക്കാക്കണം എന്തെന്നാൽ 01/04/2013 ശേഷം കളക്ഷൻ പോസ്റ്റിംഗ് നടത്തുന്ന സമയത്ത് ആയത് പോസ്റ്റായിക്കൊള്ളും.)



സേവ് ചെയ്യുക. അപ്രൂവ് , ഡിമാന്റ്, ജനറേറ് അരിയർഡിമാന്റ് എന്നിവ വേരിഫയർ ലോഗിനിൽ ചെയ്യാവുന്നതാണ്. ടി പ്രക്രിയ തിരക്ക് അനുസരിച്ച് താമസം എടുക്കുന്നതാണ്. ടൈം ഔട്ട് മെസ്സേജ് കാണിച്ചാലും കാത്തിരിക്കുക, ബാക്ക്ഗ്രൗണ്ടിൽ പ്രവർത്തനം നടക്കുന്നുണ്ട്.5 മിനിറ്റ് കഴിഞ്ഞ് ഒരിക്കൽകൂടി എടുത്ത് നോക്കിയാൽ ഡ്മാന്റ് ജനറേറ്റ് ചെയ്തതായി കാണാം. (ശ്രദ്ധിക്കുക ഇവിടെ പുതിയ നികുതി ലിസ്റ്റ് ചെയ്തില്ല എങ്കിൽ നിങ്ങൾ ഫോറം6 രേഖപ്പെടുത്തിയിട്ടില്ല എന്ന് അർഥം)



നിലവിൽ ഇത്രയും പ്രക്രിയകൾ പൂർത്തീകരിച്ചപ്പോൾ താങ്കളുടെ പഞ്ചായത്തിലെ കെട്ടിടങ്ങളുടെ ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ പൂർത്തീകരിച്ചു. ഇനി 01/04/2013 മുതൽ ഉള്ള കളക്ഷൻ പോസ്റ്റിംഗ് ആണ് നടക്കണ്ടത്. ആയത് എങ്ങനെ എന്നു നോക്കാം. അതിനു മുമ്പ് നികുതി എതെല്ലാം മാർഗ്ഗേന പഞ്ചായത്തിൽ സ്വീകരിച്ചു എന്ന് നോക്കാം.

1. ഫ്രണ്ട് ആഫീസ് സംഖ്യ മുഖേന
2. ക്യാമ്പ് കളക്ഷൻ രസീത് ബുക്ക് മുഖേന.

   ഇതിൽ ആദ്യത്തേത് ആയിരിക്കും പഞ്ചായത്തുകളിൽ 95% നികുതി വരവും .ആകെയാൽ ആദ്യമായി സംഖ്യ വഴി വന്ന രസീതുകൾ എങ്ങനെ സഞ്ചയിൽ വരുത്താം എന്നു നോക്കാം. ഈ പ്രക്രിയയെ ആണ് മാപ്പിംഗ് എന്ന് പറയുന്നത്. ആയതിലേക്ക് നിങ്ങളുടെ പഞ്ചായത്തിലെ 01/04/2013 മുതൽ നാളിതുവരെയുള്ള സഖ്യ ഡാറ്റാബേസ് ടി.എ യുടെ സഹായത്തോടെ ഐ.കെ.എം ലേക്ക് നൽകുകയും ആവർ ആയത് സഞ്ചയയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

5. അതിനു ശേഷം ക്ളാർക്കിന്റെ ലോഗിനിൽ Request Menu വിൽനിന്നും Sankhya Receipt Mapping click ചെയ്യുക



നികുതി പഴയ കെട്ടിട നംപരിലും പുതിയ നംപരിലും വാങ്ങിയിട്ടുള്ളതിനാൽ പഴയതും, പുതിയതുമായ രണ്ടു വർഷങ്ങൾ വച്ചും മാറി മാറി മാപ്പ് ചെയ്യേണ്ടതുണ്ട്. ആദ്യമായി പഴയ വർഷം ആയ 1993 സെലക്ട്ചെയ്യാം.



ഇവിടെ ഇടതു വശത്ത് നീല നിറത്തിൽ കാണു

ന്നത് സാഖ്യയിൽ ഫ്രണ്ട് ആഫീസ് മുഖേന വാങ്ങിയ രസീതിൻ വിവരങ്ങളും, വലത്ത് കാണുന്നത് സഞ്ചയ യിലെ പ്രസ്തുത നംപർ കെട്ടിടത്തിൻറ വിവരങ്ങളും. ആയതിൽ രണ്ടു പേരുകളും ഒരുപോലെ ഉള്ളത് ആദ്യം സെലക്ട് ചെയ്യുകയും ,ആയത് വേരിഫൈ ചെയ്യുകയും, അംഗീകാരത്തിനായി വീണ്ടും വേരിഫൈ ചെയ്തത് സെലക്ട് ചെയ്ത് സൂപ്പർവൈസർ ലോഗിനിലേക്ക് അയ്ക്കുക.

സൂപ്പർവൈസർ ലോഗിനിൽ നിന്ന് അപ്പ്രൂവ് ചെയ്യുക. തൽസമയത്ത് മാപ്പ് ചെയ്ത രസീത് എങ്കിലും ചുവടെ കാണിക്കുന്നത് പോലെ ചില രസീതുകൾ മാപ്പ് ചെയ്യാതെ എറർ മെസ്സേജ് വരും.

Records are not Approved, Please inform to Helpdesk
50506010004290(11402102737);
50506010004337(11402102768);

എല്ലാ വാർഡുകളിലേയും പഴയതും പുതിയതുമായ വർഷങ്ങൾ ഉപയോഗിച്ച് മാപ്പ് ചെയ്ത് അപ്പ്രൂവൽ പൂർത്തീകരിച്ച ശേഷം എറർ മെസ്സേജ് വരുന്നതായിട്ട് ഐകെഎം നെ അറിയിക്കേണ്ടതും, അവർ രസീതുകൾ മാപ്പ് ചെയ്യുകയും, അതിനു ശേഷം സൂപ്പർവൈസർ ലോഗിനിൽ നിന്ന് ആയത് എല്ലാം ഒരിക്കൽ കൂടി അപ്പ്രൂവ് ചെയ്യതാൽ ടി രസീതുകളിൽ 95% മാപ്പ് ആകുകയും ചെയ്യും.

ഇതിനു ശേഷം മാപ്പിംഗ് വേരിഫൈയർ ലോഗിനിൽ എറർ ആയി നിൽക്കുന്ന രസീതുകൾ സാഖ്യ രസീത് സേർച്ച് മുഖേന കണ്ടുപിടിച്ച് മാനുവൽ ആയി രസീത് പി.ഡി.എ എന്ട്രി മുഖേന എന്ട്രി ചെയ്യുക.

നിലവിൽ ഒരുപോലെ വന്ന രസീതുകൾ മാത്രമാണ് നമ്മൾ മാപ്പ് ചെയ്തത്. ഇനിയും വ്യത്യസ്തമായ രസീതുകൾ, സഞ്ചയയിൽ പേരില്ലാത്ത രസീതുകൾ എല്ലാം മാപ്പ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനു മുൻപ് എന്തു കൊണ്ടാണ് ഈ വിധത്തിൽ വരുന്നത് എന്ന് അിറഞ്ഞിരിക്കണം.


പേരിൽ വ്യത്യാസം.

1. പഴയ അസ്സസ്മെൻ ഡാറ്റാ എന്ട്രി പൂർത്തീകരിച്ച ശേഷം ഉടമസ്ഥാവകാശം മാറ്റി സാംഖ്യ മുഖേന പണം ഒടുക്കി. എന്നാൽ സഞ്ചയയിൽ ജപമാറ്റം നടത്തിയില്ല.
2. 150 എ എന്ന് ഫ്രണ്ട് ആപീസിൽ സാംഖ്യയിൽ കരം ഒടുക്കി ,ശരിയായ നംപർ 150 ബി ആയിരുന്നു.

സഞ്ചയയിൽ ബ്ളാങ്ക്–

ഫൊറം 6 / പി.ഡിഎ എന്റർ ചെയ്തിട്ടില്ല.

ഈ തെറ്റുകൾ എല്ലാം കണ്ടുപിടിക്കുന്നതിലേക്ക് ടി രസീത് അടച്ച ആളിന്റെ വിലാസം ആവശ്യമാണ്. ആയത് സാംഖ്യ രസീത് സേർച്ച് ൽ രസീത് നംപർ സേർച്ച് ചെയ്താൽ ലഭിക്കുന്നതാണ്.




വീട്ടുപേര് സഞ്ചയ സോഫ്റ്വയറിൽ നിലവിൽ മാപ്പിംഗ് വിൻഡോ ആല്ലാതെ മറ്റൊരു ടാബിൽ ഒരിക്കൽ കൂടി ലോഗ് ചെയ്ത സേർച്ച് മെനു ഒപ്പൺ ചെയ്ത് വയ്ക്കുകയും, ആയതിൽ ബിൽഡിംഗ് സേർച്ച് ഉപയോഗിച്ച് വീട്ടുപേര് വാർഡ് സെലക്ട് ചെയ്യാതെ സേർച്ച് ചെയ്താൽ ടി വീട്ട് പേരിൽ ഉള്ള എല്ലാവരുടെയും വിവരങ്ങൾ ലിസ്റ്റ് ചെയ്യുന്നതും ആയതിൽ നിന്നും ടി ഉടമസ്ഥന്റെ യഥാർത്ഥമായ കെട്ടിട നംപർ വാർഡ് എന്നിവ കണ്ടെത്താവുന്നതുമാണ്.





ഇങ്ങനെ ലഭിക്കുന്ന കൃത്യമായ നംപർ മാപ്പിംഗ് സ്ക്രീനിൽ വലത്തു വശത്തു കാണുന്ന എഡിറ്റ് ക്ളിക്ക് ചെയ്ത് ശരിയായ വാർഡും, കെട്ടിട നംപരും നൽകി അപ്പ്ഡേറ്റ് ചെയ്യാവുന്നതാണ്






ഇപ്പോൾ ഈ കെട്ടിടം മാപ്പ്ഡ് എന്ന് കാണിക്കും. അത് അംഗീകാരത്തിനായി വേരിഫൈയർക്ക് നൽകേണ്ടതാണ്. ഈ വിധത്തിൽ എല്ലാ രസീതുകളും മാപ്പിംഗ് പൂർത്തീകരിക്കുക.

ഇനി ക്യാമ്പ് കളക്ഷനു ഉപയോഗിച്ച മാനുവൽ രസീത് (സാംഖ്യയിൽ ഇന്ററപ്റ്റ് ആയി ഒന്ന് ഒന്നായി ചെയ്യാത്തവ മാത്രം).

ആയതിലേക്കായി ക്ളാർക്കിന്റെ ലോഗിനിൽ ഔട്ട് ഡോർ കളക്ഷൻ എന്ന മെനു മുഖേന ചെയ്യാവുന്നതാണ്. ശ്രദ്ധിക്കേണ്ടത് പ്രസ്തുത ക്ളാർക്കിനു സെക്രട്ടറിയുടെ ലോഗിനിൽ നിന്നും രസീത് ബുക്ക് ഇഷ്യൂ ചെയ്തിരിക്കണം.




സീറ്റ്, രസീത് ബുക്ക്, വർഷം എന്നിവ സെലക്ട് ചെയ്യുക




പ്രസ്തുത ബുക്കിന്റെ ഒന്നാം രസീത് ലിസ്റ്റ് ചെയ്യും. രസീത് ബുക്ക് നംപർ, രസീത് നംപർ എന്നിവ തനിയെ വരും.



പുതിയ രസീത് ഒന്നാം നംപർ എന്റർ ചെയ്യുന്നതിന് വേണ്ടി ക്ളിക്ക് ന്യൂ രസീത്.




വർഷം, രസീത് തീയതി, വാർഡ്, കെട്ടിട നംപർ, പഴയതോ പുതിയതോ വർഷം എന്നിവ രേഖപ്പെടുത്തുക.



ആഡ് ബിൽഡിംഗ് ക്ളിക്ക് ചെയ്യുക



ഉടമസ്ഥന്റെ പേര് ലിസ്റ്റ് ചെയ്യും . രസീത് എന്റർ ചെയ്യാൽ രസീത് ഡീറ്റേൽസിൽ ക്ളിക്ക് ചെയ്യുക.





എത് കാലത്തേക്ക് ഉള്ള നികുതി എന്ന് രേഖപ്പെടുത്തുന്നതിലേക്കായി വർഷം എന്റർ ചെയ്യുക. ഒന്നിൽ കൂടുതൽ വർഷം ഉണ്ട് എങ്കിൽ താഴെ താഴെ രേഖപ്പെടുത്തുക. ആതാത് വർഷം നികുതി ഫുൾ ഇയർ, ഹാഫ് ഇയർ എന്ന് രേഖപ്പെടുത്തുക. ടോട്ടൽ കോളത്തിൽ പ്രസ്തുത വർഷത്തെ വാങ്ങിയ നികുതി, ലൈബ്രറി സെസ്സ്,സർവ്വീസ് ചാർജ് എന്നിവ കൂട്ടി രേഖപ്പെടുത്തുക. പിഴ, നോട്ടീസ് പടി മുതലായവ എതേങ്കിലും വാങ്ങിയിട്ടുണ്ട് എങ്കിൽ ആയത് ആകെ പീനൽ കോളത്തിൽ രേഖപ്പെടുത്തുക. സേവ് ചെയ്യുക.


രസീതിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾ ഉണ്ട് എങ്കിൽ സേവ് ചെയ്ത് കഴിഞ്ഞ് ഒരിക്കൽക്കൂടെ ആഡ് ബിൽഡിംഗ് ക്ലിക്ക് ചെയ്യുക. നംപർ നൽകുക. രസീത് വിവരങ്ങൾ ക്ലിക്ക് ചെയ്യുക സേവ് ചെയ്യുക. തീർന്നു എങ്കിൽ അടുത്ത രസീത് ചെയ്യാനായി ന്യൂ ക്ലിക്ക് ചെയ്യുക. (ഒരു രസീതിൽ 3 കെട്ടിടത്തിൽ കൂടുതൽ ഉണ്ട് എങ്കിൽ പി.ഡി.ഇ രസീത് എന്ട്രി മുഖേന ചെയ്യുന്നതായിരിക്കും അഭികാമ്യം,)

## പി.ഡി.ഇ രസീത് എന്ട്രി

ഔട്ട് ഡോർ രസീത് എന്ററി കൂടാതെ മറ്റൊരുമാർഗ്ഗമാണ് പി.ഡി.ഇ രസീത് എന്ററി. സാംഖ്യ എന്റർ രസീതുകൾ, ഒരു രസീതിൽ 3 കെട്ടിടത്തിൽ കൂടുതൽ ഉള്ള രസീതുകൾ എല്ലാം രസീത് നംപർ പ്രാധാന്യം നൽകാതെ വീണ്ടും വീണ്ടും എന്റർ ചെയ്യാൻ പറ്റുന്നതാണ് .









വാർഡ് നംപർ, വർഷം, കെട്ടിട നംപർ എന്നിവ നൽകുക. എത് കാലത്തേക്ക് ഉള്ള നികുതി എന്ന് രേഖപ്പെടുത്തുന്നതിലേക്കായി വർഷം എന്റർ ചെയ്യുക. ഒന്നിൽ കൂടുതൽ വർഷം ഉണ്ട് എങ്കിൽ താഴെ താഴെ രേഖപ്പെടുത്തുക. ആതാത് വർഷം നികുതി ഫുൾ ഇയർ, ഹാഫ് ഇയർ എന്ന് രേഖപ്പെടുത്തുക. ടോട്ടൽ കോളത്തിൽ പ്രസ്തുത വർഷത്തെ വാങ്ങിയ നികുതി, ലൈബ്രറി സെസ്സ്,സർവ്വീസ് ചാർജ് എന്നിവ കൂട്ടി രേഖപ്പെടുത്തുക. പിഴ, നോട്ടീസ് പടി മുതലായവ എതേങ്കിലും വാങ്ങിയിട്ടുണ്ട് എങ്കിൽ ആയത് ആകെ പീനൽ കോളത്തിൽ രേഖപ്പെടുത്തുക. സേവ് ചെയ്യുക.

## കളക്ഷൻ എന്റർ ചെയ്യുന്ന സമയത്ത് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. മാപ്പ് ചെയ്ത രസീതുകൾ വീണ്ടും ഔട്ട് ഡോർ മുഖേനയോ പി.ഡി.ഇ മുഖേനയോ എന്റർ ചെയ്യരുത്,മറിച്ചും. ഇരട്ടിപ്പ് ഉണ്ടാകും.

2. ഒരു കെട്ടിടത്തിന്റെ ഒരു രസീത് എന്റർ ചെയ്താൽ ആയത് അപ്രൂചെയ്ത തിന് ശേഷം മാത്രമേ പ്രസ്തുത കെട്ടിടത്തിന്റെ അടുത്ത രസീത് എന്ററി ചെയ്യാവൂ.
എല്ലാ വരവും സഞ്ചയയിൽ വന്നു എന്ന് ഉറപ്പുവരുത്തിയ ശേഷം ഐ.കെ.എം ആയി ബന്ധപ്പെട്ട് ഡി.സി.ബി ജനറേറ്റ് ചെയ്യുക.
3. പ്രക്രിയകൾ എല്ലാം പൂർത്തീകരിച്ചാൽ കൃത്യമായ ഡിമാന്റ് സഞ്ചയയിൽ നിന്നും റിപ്പോർട്ട് മെനുവിൽ വലത്ത് ഭാഗത്ത് വാർ ബേയ്സ് ഡിമാന്റ് എന്ന മെനുവിൽ നിന്നും ലഭിക്കുന്നതാണ്.






ആയത് പോലെ ഫയൽ സ്റ്റാറ്റിക്ക് എന്ന മെനുവിൽ ഫയൽ ആർച്ചീവ് മെനുവിൽ ഇന്നു വരെ ചെയ്ത പുതിയ അസ്സസ്മെന്റ് മുതലായ എല്ലാം കാണാവുന്നതും ,ആവശ്യ മെങ്കിൽ ആയത് എക്സലിലേക്ക് കോപ്പി ചെയ്ത് വർഷം തിരിച്ച് ലിസ്റ്റ് ആക്കാവുന്നതാണ്.







ഡിസിബി ലഭിക്കുന്നതിനു ഡിമാന്റ് റിപ്പോർട്ടിൽ





ഡി.സിബി ഫോർമാറ്റ് മാറ്റം വരും

## കുടിശ്ശികകാർക്ക് കൊടുക്കാനുള്ള അരിയർ നോട്ടീസ് ലഭിക്കാൻ



SELECT ONLY WARD



സഞ്ചയ സംബന്ധിച്ച അത്യാവശ്യം വിവരങ്ങൾ ലഭിച്ചു എന്ന് വിശ്വസിക്കുന്നു.

വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വയർ മുഖേന ആയതിനാൽ ആതിന്റെ ഡിമാന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിനു താഴെ സൂചിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിന് വേണ്ടി ജീവനക്കാർക്ക് നൽകാവുന്ന നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ആഫീസ് ഉത്തരവിന്റെ മാതൃക ചുവടെ ചേർക്കുന്നു.

**ആഫീസ് ഉത്തരവ്**

2015-16 ലെ എ.എഫ്.എസ്സ് മെയ് 15 നകം നൽകേണ്ടതാണ്. ആയതിലേക്ക് വിവിധ നികുതികൾ, ഫീസുകൾ എന്നിവയുടെ ഡിസിബി തയ്യാറാക്കേണ്ടതുണ്ട്. ആയത് എല്ലാ സെക്ഷനുകളിൽ നിന്നും 30/04/2016 നകം നൽകുന്നതിനു കർശന നിർദ്ദേശം നൽകുന്നു.

വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വയർ മുഖേന ആയതിനാൽ ആതിന്റെ ഡിമാന്റ് കൃത്യതയോടെ തയ്യാറാക്കുന്നതിനു താഴെ സൂചിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.

1. പഴയ അസ്സസ്മെന്റ് ഡാറ്റാ എന്ട്രി പി.ഡി.എ 100% പൂർത്തീകരിച്ചു എന്ന് ഉറപ്പു വരുത്തുക
2. ആയതിന്റെ ഫോറം6 പൂർത്തീകരിക്കുക
3. 2013 മുതൽ തറ വിസ്തീർണ്ണത്തിൽ പുതുതായി അസസ്സ് ചെയ്ത എല്ലാ കെട്ടിടങ്ങളും ഫോറം 6 ചെയ്തു എന്ന് ഉറപ്പു വരുത്തുക
4. 660 സ്ക്വയർ ഫീറ്റിൽ താഴെ യുള്ള കെട്ടിടങ്ങൾ സത്യവാങ്മൂലം നൽകിയത് ഒഴിവാക്കുക
5. വിമുക്ത ഭടൻമാരുടെ കെട്ടിടനികുതി അപേക്ഷകൾ എന്റർ ചെയ്ത് കരം ഒഴിവാക്കുക
6. പഴയ അസ്സസ്മെന്റ് ഡാറ്റാ എന്ട്രി പി.ഡി.എ പൂർത്തീകരിച്ചതിനു ശേഷം അസ്സസ്മെന്റ് രജിസ്റ്ററുകളിൽ മാനുവൽ ആയി നടത്തിയ ഉടമസ്ഥാവകാശ മാറ്റം എല്ലാം സഞ്ചയയിൽ മാറ്റം വരത്തുക.
7. മാപ്പിംഗ് പൂർത്തീകരിക്കുക
8. വേരിഫയർ അംഗീകരിക്കുക, അതിനു ശേഷം എറർ വന്ന രസീതുകൾ ബലമായി മാപ്പ് ചെയ്യിക്കുന്നതിലേക്കായി ഐ.കെ.എം ആയിട്ട് ബന്ധപ്പെടുകയും, അവർ സ്ക്രപറ്റ് ചെയ്തശേഷം വേരിഫയർ ലോഗിനിൽ ഒന്നൂടെ അപ്രൂവ് ചെയ്താൽ 99% മാപ്പ്ഡ് രസീതും അപ്പ്രൂവ് ആകുന്നതാണ്.
9. ആയതിനു ശേഷംമാപ്പിംഗ് വേരിഫൈയർ ലോഗിനിൽ എറർ ആയി നിൽക്കുന്ന രസീതുകൾ സാഖ്യ രസീത് സേർച്ച് മുഖേന കണ്ടുപിടിച്ച് മാനുവൽ ആയി രസീത് പി.ഡി.എ എന്റ്ററി മുഖേന എന്റ്ററി ചെയ്യുക.
10. ക്ളാർക്ക് ലോഗിനിൽ മാപ്പ് ചെയ്യാൻ പറ്റാതെ ബിൽഡിംഗ് നംപർ തെറ്റിയത് മുതലായവ കണ്ടുപിടിച്ച് എഡിറ്റ് ചെയ്ത് മാപ്പിംഗ് പൂർത്തീകരിക്കുക.
11. ക്യാമ്പ് കളക്ഷനു ഉപയോഗിച്ച രസീതുകൾ സാഖ്യയിൽ ഒരോന്നും എന്റർ ചെയ്തിട്ടില്ല എങ്കിൽ ആയത് ഔട്ട് ഡോർ രസീത് എന്റ്ററി മൂലം പൂർത്തീകരിക്കുക
12. എല്ലാ വരവും സഞ്ചയിൽ വന്നു എന്ന് ഉറപ്പുവരുത്തിയ ശേഷം ഐ.കെ.എം ആയി ബന്ധപ്പെട്ട് ഡി.സി.ബി ജനറേറ്റ് ചെയ്യുക.
13. എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി എന്ന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാരിൽ നിന്നും സാക്ഷിപത്രം ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് വാങ്ങേണ്ടതും, പ്രസ്തുത വാർഡുകളിലെ 10% കെട്ടിടങ്ങളുടെ വിവരങ്ങൾ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് വേരിഫൈ ചെയ്യേണ്ടതും എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി എന്നും, സഞ്ചയിൽ എല്ലാ കെട്ടിടങ്ങളും ഉൾപ്പെട്ടു എന്ന സാക്ഷ്യപത്രം സെക്രട്ടറിക്ക് 30/04/2016 നു മുൻപ് നൽകണം എന്ന് കർശന നിർദ്ദേശം നൽകുന്നു.

ഡി.സി.ബി സമയത്ത് നൽകാത്തതിനാൽ എഎഫ്എസ്സ് അയ്ക്കാൻ സാധിക്കാതെ വന്നാൽ ആയതിനു എത് ജീവനക്കാരനാണോ വീഴ്ച്ച വരുത്തിയത് അയാൾ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

വസ്തു നികുതി സഞ്ചയ ഡി.സി.ബി പൂർത്തീകരിക്കുന്നതിനു സൂപ്പർവൈസറി ചുമതല 1 മുതൽ 7വാർഡുകൾ എ.എസ്സിനും, 8 മുതൽ 13 വരെ വാർഡുകൾ എച്ച്സിക്കും നൽകുന്നു. ഡി.സി.ബി സമയത്ത് തീർക്കുന്നതിനു ഈ രണ്ടു സൂപ്പർവൈസറി ഉദ്യോഗസ്ഥരും വ്യക്തി പരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ടി ആവശ്യത്തിലേക്ക് പഞ്ചായത്ത് ടി.എ, ഒഎ എന്നിവരുടെ സേവനവും ആവശ്യമെങ്കിൽ ഡാറ്റാ എന്റ്ററി ഓപ്പറേറ്ററെ ദിനവേതന അടിസ്ഥാനത്തിൽ നിയമിക്കാവുന്നതുമാകുന്നു.

പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ലാപ്പ്ടോപ്പുകളും ഉപയോഗിക്കാവുന്നതും, അവധി ദിവസം ഉൾപ്പെടെ എതു ദിവസവും അവശ്യപ്പെടുന്നതനുസരിച്ച് ആഫീസ് തുറന്നു നൽകുന്നതും സെക്രട്ടറിയുടെ ഭാഗത്തു നിന്ന് എന്ത് സഹായവും നൽകുന്നതായിരിക്കും.

*കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് ലേഖകൻ*

# മഴവെള്ള സംഭരണം വഴി വേനൽക്കാല മഴക്കാല ജലദുരിതങ്ങൾക്കുള്ള ശാശ്വതപരിഹാരം

ഡോ. പ്രൊ. സി. ബാലകൃഷ്ണൻ നായർ



കേരളത്തിലെ കോൺക്രീറ്റ് ടെറസ്സ് കെട്ടിടങ്ങളുടെ ബാഹുല്യവും നീണ്ട മഴക്കാലവും, വികലമായ വികസന സങ്കൽപ്പവും, സങ്കുചിത രാഷ്ട്രീയവും മഴവെള്ളത്തെ സംബന്ധിച്ച് (പരിശുദ്ധിയിൽ) അനാവശ്യമായ തെറ്റിദ്ധാരണയും ഭീതിയും, മിഥ്യാബോധവും, അജ്ഞതയും, അവഗണനയും, അലസതയും കണ്ടിട്ട് ഭാവിയിൽ സംജാതമായേക്കാവുന്ന അതിമഹാജലദുരന്തങ്ങളിൽ നിന്നും തുടർന്നുള്ള നിയന്ത്രിക്കാൻ പറ്റാത്ത ജല ലഹളയിൽ നിന്നെല്ലാം രക്ഷപ്പെടാനുള്ള ഒരു വഴി ഈ ലേഖനത്തിൽ വിവരിക്കുന്നു. 'Roff top Domestic Multiple Fiber Tank' മാതൃക എന്ന ഈ ബഹുമുഖപ്രയോജനമുള്ള മഴവെള്ള സംഭരണി വഴി വിപുലമായ മഴവെള്ള സംഭരണം (മഴവെള്ള കൊയ്ത്ത്') നടത്താം എന്നതാണ്.

വേനൽ മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്ന ഈ സമയത്ത് എല്ലാ അച്ചടി ദൃശ്യ മാധ്യമങ്ങളിൽ സ്ഥിരമായി പ്രത്യക്ഷപ്പെട്ടുക്കൊണ്ടിരിക്കുന്ന പലതരം വേനൽദുരിതങ്ങളും, മുഖപ്രസംഗങ്ങളും, കുടിവെള്ള ടാങ്കർ ലോറി വെള്ള കച്ചവടത്തെക്കുറിച്ചുള്ള ലേഖനങ്ങളും നമ്മളെല്ലാം വായിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. ഗവണ്മെന്റ് തന്നെ സംസ്ഥാനത്തെ വരൾച്ചദുരിത സംസ്ഥാനമാക്കി പ്രഖ്യാപിച്ചു. ഈ വേനൽ ദുരിതങ്ങൾ ഒഴിവാക്കാൻ പ്രത്യേകിച്ച് കുടിവെള്ളക്ഷാമം-ജില്ലാ ഭരണ, തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിവെള്ളം ടാങ്കർ ലോറികളിൽ വിതരണം നടത്തി ജനങ്ങൾക്ക് താൽക്കാലിക ആശ്വാസം നൽകുന്നു. ഈ സന്ദർഭം മുതലെടുത്ത് കുപ്പിവെള്ള കമ്പനികളും ടാങ്കർവെള്ള ലോറിക്കാരും കൂടി വെള്ളക്കച്ചവടം പൊടിപൊടിക്കുന്നു. എന്നാൽ ഇതെല്ലാം താൽക്കാലിക ആശ്വാസവും പ്രശ്നപരിഹാരവും മാത്രമാണ്. 'രോഗലക്ഷണങ്ങൾ'ക്കുള്ള ചികിത്സ മാത്രം 'രോഗകാരണ'ത്തിനുള്ള ചികിത്സകൊണ്ട് മാത്രമേ വേനൽക്കാല ജലദുരിതങ്ങൾക്കുള്ള ശാശ്വതപരിഹാരം ലഭ്യമാകൂ.

ഈ കൂടിക്കൂടി വരുന്ന (പ്രതിവർഷം) ജലദുരിതങ്ങൾക്ക് പ്രധാന കാരണം ഭൂജല (ഭൂതല, ഭൂഗർഭ) ജല ശേഖരത്തിലെ കുറവ് തന്നെയാണ്. വർഷം തോറും, മഴവെള്ളം ഭൂമിയിൽ

താഴാനുള്ള (താഴ്ത്താനുള്ള) ഭൂമിയിലെ തുറസ്സായ മണ്ണുള്ള സ്ഥലം പല കാരണങ്ങൾ കൊണ്ടും കുറഞ്ഞ് കുറഞ്ഞ് വരുന്നത് തന്നെയാണ് ഇതിന്റെ പ്രധാന കാരണം. അനിയന്ത്രിതമായ, പരക്കേയുള്ള നഗരഗ്രാമപ്രദേശങ്ങളിലെ കെട്ടിട നിർമ്മാണം–"കെട്ടിടകൃഷി" ഒരു കാരണമാണ്.

എന്നാൽ ഈ കൂടിയ കെട്ടിട സാന്ദ്രത സാധാരണ നിലയിൽ കുറഞ്ഞുവരുന്ന പ്രകൃതിദത്തമായ മഴവെള്ള സംഭരണത്തിനു മറുമരുന്നായി പ്രയോജനപ്പെടുത്താൻ കെട്ടിടത്തിൻ മുകളിലെ മഴവെള്ള സംഭരണം വഴി സാധ്യമാക്കുന്നു. അതായത് Rooftop Rain Water Harvesting വഴി ഇന്നനുഭവപ്പെടുന്ന വേനൽ 'ജലദുരിത രോഗ'ത്തിന്റെ പ്രധാന കാരണമായ ഭൂജലശോഷണത്തിനുള്ള ഏറ്റവും ഫലപ്രദമായ 'ചികിത്സ'യായിരിക്കും ഈ പദ്ധതി. പ്രത്യേകിച്ചും ലക്ഷക്കണക്കിന് കോൺക്രീറ്റ് ടെറസ്സ് കെട്ടിടങ്ങളും നീണ്ട മഴക്കാലവും ഉള്ള നമ്മുടെ കേരളത്തിൽ വേനലിലെ മഴ മാത്രമല്ല മഴക്കാലത്തെ വെള്ളപ്പൊക്കം, പ്രളയം, വെള്ളക്കെട്ട്, യാത്രാ തടസ്സം, പകർച്ചവ്യാധി, വസ്തു (കൃഷി) നാശം മുതലായ ദുരിതങ്ങളും ഈ പ്രക്രിയകൊണ്ട് ഒരതിരുവരെ (80–85% വരെ) ഒഴിവായിക്കിട്ടും. മനുഷ്യർക്കും, മറ്റു ജീവജാലങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതുപോലെ കെട്ടിടത്തിനു മുകളിലെ മഴവെള്ള സംഭരണം വഴി ഭൂമിക്കും ധാരാളം മഴവെള്ളം 'കുടിച്ച്' പുഷ്ടിപ്പെടാൻ വേണ്ട സാഹചര്യം ഒരുക്കുകയാണ് ഇപ്പോൾ നമ്മൾ അടിയന്തിരമായും ചെയ്യേണ്ടത്.

കൂടിയ കെട്ടിട സാന്ദ്രതയും നീണ്ട മഴക്കാലവും ഉള്ള കേരളത്തിൽ ഭൂമിയിലെ (നിലത്തെ) മഴവെള്ള സംഭരണത്തെക്കാൾ എളുപ്പവും പതിന്മടങ്ങ് പ്രയോജനവുമാണ് കെട്ടിടത്തിൻ മുകളിലെ 'മഴവെള്ളക്കൊയ്ത്ത്'കൊണ്ട് ലഭിക്കുന്നത്. പ്രത്യേകിച്ചും ഏറ്റവും നൂതനമായ ഒന്നിലധികം Fiber/Plastic PVC ടാങ്കുകൾ ടെറസ്സിൽ നിരത്തി മഴവെള്ള ശേഖരണ, ശുദ്ധീകരണ വിതരണം നടത്തുന്ന Roof Domestic Multiple fiber Tube രീതി. ഈ എഴുതുന്ന ഞാനടക്കം പലരും വിജയകരമായി ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഏറ്റവും പുതിയ രീതിയിലുള്ള മഴവെള്ള സംഭരണം വീടിന്റെ ടെറസ്സ് ഒരു Mini Water Works ആക്കി പ്രയോജനപ്പെടുത്തുകയാണ് ചെയ്തുവരുന്നത്. ഈ മാതൃകയുടെ പ്രവർത്തന രീതി ഒന്നുകൂടി വ്യക്തമാക്കാം. മഴക്കാലത്ത് ടെറസ്സിന്റെ മുകളിൽ നിർമ്മിച്ച ഫൈബർ ഷീറ്റ് മേൽക്കൂരയിൽ പതിക്കുന്ന വെള്ളം PVC പോത്തിയിലൂടെ ആദ്യത്തെ അരിപ്പ് ശേഖരണ ടാങ്കിൽ (Filtration, Collection) വീഴുന്നതിനിടെ രണ്ട് തരം അരിപ്പകളിലൂടെ PVC പോത്തി ടാങ്കിന്റെ മുകളിലെ അരിപ്പ പാത്രം (Basin) കടത്തിവിട്ട് ശുദ്ധീകരിച്ചെടുത്ത് PVC Pipe കൾ ഘടിപ്പിച്ച് യോജിപ്പിച്ച് ഒന്നിലധികം സൂക്ഷിപ്പ്, വിതരണ ടാങ്കുകളിൽ നിറയുന്നു. അവസാനത്തെ വിതരണ ടാങ്ക് വീടിന്റെ പ്രധാന കിണർ, KWA വെള്ള ടാങ്കിന്റെ വിതരണം PVC പൈപ്പുമായി ബന്ധിച്ച് വീടിന്റെ താഴത്തെ എല്ലാ ഭാഗത്തേക്കും (അടുക്കളയിൽ പാചകത്തിനടക്കം) എത്തിക്കുന്നു. അരിച്ച് ശുദ്ധീകരണ പ്രക്രിയയ്ക്ക് Basin അരിപ്പ് പാത്രത്തിൽ ഏറ്റവും അടിയിൽ ചെറിയ നൈലോൺ വല കഷണങ്ങൾ, മേലെ ക്രമത്തിൽ ചെറിയ കരിങ്കൽ കഷണങ്ങൾ, ചരൽ, മണൽ, ചിരട്ടക്കരി, ഓട് കഷണങ്ങൾ എന്നിവ നേരിയ Nylon വലകഷണങ്ങളാൽ വേർതിരിക്കപ്പെട്ട് അടരടരായി (in Layers) നിറയ്ക്കുന്നു. PVC പോത്തി

**മനുഷ്യർക്കും, മറ്റു ജീവജാലങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതുപോലെ കെട്ടിടത്തിനു മുകളിലെ മഴവെള്ള സംഭരണം വഴി ഭൂമിക്കും ധാരാളം മഴവെള്ളം 'കുടിച്ച്' പുഷ്ടിപ്പെടാൻ വേണ്ട സാഹചര്യം ഒരുക്കുകയാണ് ഇപ്പോൾ നമ്മൾ അടിയന്തിരമായും ചെയ്യേണ്ടത്.**



**കനത്ത മഴയത്ത് ലഭിക്കുന്ന അധിക വെള്ളം ഭൂമിയിലേക്കും, കിണറ്റിലേക്കും താഴ്ത്താൻ സാധിക്കും (Ground Well Reebarage). മഴക്കാലത്ത് മുഴുവൻ വീട്ടാവശ്യങ്ങൾക്കും വേണ്ട ശുദ്ധീകരിച്ച ഈ മഴവെള്ളം ഉപയോഗിക്കുന്നതിനാൽ ഭൂമിയിലെ വെള്ളം അവിടെത്തന്നെ നിർത്തി, ഭൂമിയിൽ ജലശോഷണം ഒഴിവാക്കി, നേരിട്ടല്ലാതെയും (Indirect) ഭൂജല പരിപോഷണം സാധ്യമാവുന്നു.**

യിലും അടിയിൽ ഈ സാധനങ്ങൾ അൽപ്പം ഇടുന്നു. അവസാനം അണുവിമുക്തമാക്കാൻ-D ക്ലോറിനേറ്റ് ചെയ്യാൻ-Bleaching Powder കലക്കി തെളിവെള്ളം Fiber Sheet ന്മേൽ പാറ്റിയെറിഞ്ഞും, പാത്തിയിൽ ഒഴിച്ചും നിർവ്വഹിക്കുന്നു. പച്ചയും പൂപ്പലും (Algae, Fungues) വളയാത്ത Fiber sheet ആയതുകൊണ്ടും വെള്ളം ടെറസ്സിന്റെ നിലം തൊടുന്നതിന് മുമ്പെ പിടിച്ചെടുക്കുന്നത് കൊണ്ടും, തുടക്കത്തിൽ തന്നെ ശുദ്ധജലമായിരിക്കും എന്നതും പ്രത്യേകതയാണ്. അങ്ങനെ എല്ലാം കൊണ്ടും സാധ്യമായതിൽ ഏറ്റവും പരിശുദ്ധമായ, അണുവിമുക്തമായ കുടിവെള്ളമാണ് ഈ മാതൃകയിൽ ലഭ്യമാവുന്നത്. വെള്ളം നിറഞ്ഞ ടാങ്കുകളുടെ ഭാരം ടെറസ്സിന്മേൽ വീതിച്ച് കുറയ്ക്കുവാനാണ് 500/700 ലിറ്റർ ടാങ്കുകൾ ദൂരം ദൂരം വിട്ട് അകറ്റി വെയ്ക്കുന്നത് (Rooftop Multiple Tank System). ചുരുക്കത്തിൽ തുടക്കത്തിൽ സൂചിപ്പിച്ചപോലെ മഴവെള്ളത്തിന്റെ ഒഴുക്ക്, അരിച്ചെടുക്കൽ, ശേഖരണം, സൂക്ഷിപ്പ് വിതരണം, അവസാനം അണുവിമുക്തമാക്കൽ (chlorinations) എല്ലാം കെട്ടിടത്തിന്റെ ടെറസ്സിൽ ആയതുകൊണ്ട് Terrace ഒരു Mini Water Works ആക്കി പ്രവർത്തിപ്പിക്കുകയാണ് ഈ രീതിയിലൂടെ. ഇതെല്ലാം കൊണ്ട് മോട്ടോർ ഉപയോഗിച്ച് വെള്ളം മുകളിലേക്ക് അടിച്ച് കയറ്റാനുള്ള ഇലക്ട്രിസിറ്റി ലഭ്യമാകുന്നു. അതുപോലെ താഴത്തെ നിലത്ത് സ്ഥലവും ലാഭിക്കുന്നു. നമ്മുടെ നഗരങ്ങളിലെ പ്രത്യേകിച്ചും Housing Colony കളിലെ 4-5 സെന്റ് സ്ഥലത്തെ വീടുകളിൽ ഈ സ്ഥല ലാഭത്തിനുള്ള പ്രസക്തി വ്യക്തമാണല്ലോ.

കനത്ത മഴയത്ത് ലഭിക്കുന്ന അധിക വെള്ളം ഭൂമിയിലേക്കും, കിണറ്റിലേക്കും താഴ്ത്താൻ സാധിക്കും. മഴക്കാലത്ത് മുഴുവൻ വീട്ടാവശ്യങ്ങൾക്കും വേണ്ട ശുദ്ധീകരിച്ച ഈ മഴവെള്ളം ഉപയോഗിക്കുന്നതിനാൽ ഭൂമിയിലെ വെള്ളം അവിടെത്തന്നെ നിർത്തി, ഭൂമിയിൽ ജലശോഷണം ഒഴിവാക്കി, നേരിട്ടല്ലാതെയും ഭൂജല പരിപോഷണം സാധ്യമാവുന്നു. ഇതെല്ലാം കൊണ്ട് മഴക്കാലത്ത് വീടിനു പുറത്ത് ഒഴുകുന്ന മഴവെള്ളം ഗണ്യമായി-50-80% വരെയെങ്കിലും കുറയുന്നതിനാൽ വെള്ളക്കെട്ടും, ഓട നിറഞ്ഞ് റോഡിൽ മലിനജലം പരന്നൊഴുകുന്നതും, കൊതുക് പെരുകിയും അല്ലാതെയുമുള്ള ജലജന്യ രോഗങ്ങൾ, പകർച്ചവ്യാധി, റോഡിൽ വെള്ളം കയറി യാത്രാക്ലേശങ്ങൾ എന്നിവയെല്ലാം ഒരതിരുവരെ കുറയുന്നു. ഏറ്റവും പ്രധാനം ഭൂജലപരിപോഷണവും ഭൂജലസുരക്ഷയും വഴി ഇപ്പോൾ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം, അസഹ്യമായ ചൂട് എന്നിവ ഒഴിവായി കിട്ടുന്നത് തന്നെ.

ഇത്തരത്തിൽ ബഹുമുഖ പ്രയോജനമുള്ള അത്യാധുനിക മഴവെള്ള സംഭരണ രീതിയാണ് Rooftop Multiple Fiber Tank മഴവെള്ള സംഭരണ (മഴവെള്ള കൊയ്ത്ത്) മാതൃക. മുമ്പ്, തുടക്കത്തിൽ എഴുതിയപോലെ ലക്ഷക്കണക്കിന് കോൺക്രീറ്റ് ടെറസ്സ് കെട്ടിടങ്ങളും, രണ്ട് തവണകളിലായുള്ള (കാലവർഷം, തുലാവർഷം) നീണ്ട മഴക്കാലവും ഉള്ള കേരളത്തിൽ ഇന്ന്, വർഷം തോറും കൂടുതൽ കൂടുതൽ തീവ്രതയോടെ അനുഭവപ്പെട്ടുക്കൊണ്ടിരിക്കുന്ന വേനൽക്കാല, മഴക്കാല ജലദുരിതങ്ങൾക്കുള്ള പരിഹാരമാർഗ്ഗമാണ് ഈ മാതൃക.

ടാങ്കുകളിൽ കുടിവെള്ളമെത്തിക്കലും കുപ്പിവെള്ളക്കച്ചവടവും മഴക്കാലപൂർവ്വ ശുചീകരണവും മറ്റും ഒരുതരം രോഗ ലക്ഷണ ചികിത്സ മാത്രമാണ്. രോഗകാരണ ചികിത്സ വിപുലമായ തോതിലുള്ള ഈ Rooftop Multiple Fiber Tank മാതൃകയിലുള്ള കേരളം മുഴുവനുമായുള്ള മഴവെള്ള സംഭരണം വഴി ഭൂജലപരിപോഷണം മാത്രമാണ്. എത്രയും വേഗത്തിൽ, യുദ്ധകാലാടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കുന്നുവോ അത്രയും നല്ലത് അല്ലെങ്കിൽ അനതിദൂര ഭാവിയിൽ ഒരു 4-5 കൊല്ലത്തിനിടയിൽ ഈ മഴയുടെയും വെള്ളത്തിന്റെയും നദികളുടെയും, കിണറുകളുടെയും നാട് -കേരളം- ഒരു മരുഭൂമിയായി മാറും. അനേകം വെള്ളവുമായി ബന്ധപ്പെട്ട ഗവണ്മെന്റ് വകുപ്പുകളും ശാസ്ത്രീയ, പ്രകൃതി, പരിസ്ഥിതി, പച്ച സംഘടനകളുടെയും, അനേകം ദുരിതങ്ങൾക്ക് നടുവിലുള്ള സെമിനാർ, സിമ്പോസിയം മുതലായ ചെപ്പടി വിദ്യകൾ കൊണ്ടൊന്നും മനുഷ്യനിർമ്മിതമായ ഈ മഹാപ്രകൃതി ദുരന്തം തടുത്ത് നിർത്താനാവുകയില്ല. അതുപോലെ ജപ്പാൻ കുടിവെള്ളവും, കുപ്പി, ജാർ വെള്ളവും. ഇനി തീർച്ചയായും വരാൻ പോകുന്ന ക്വാറി, കടൽവെള്ള ശുദ്ധീകൃതമായ കുടിവെള്ളവും കൊണ്ട് ഒരതിരുവരെ കുടിവെള്ളക്ഷാമ ദുരിതം ഒഴിവാക്കിയേക്കാം. പക്ഷേ ഭൂമിക്കടിയിൽ വെള്ളം കുറഞ്ഞ് പോയാൽ അന്തരീക്ഷ ചൂട് എങ്ങനെ കുറയും? വരൾച്ച എങ്ങനെ മാറും? വേനൽക്കാല മഴക്കാല പകർച്ച വ്യാധികൾ എങ്ങനെ തടയാൻ പറ്റും? ഇതിനെല്ലാം ഉള്ള ഒരു പോംവഴിയാണ് വീട്ടിൽ നടപ്പിലാക്കാവുന്ന Rooftop Rain Water Harvesting വഴിയുള്ള ഭൂജലപരിപോഷണം. ഭൂതല മഴവെള്ള സംഭരണ രീതികളായ മഴക്കുഴി, കയ്യാല, കെട്ടുകയ്യാല, പറമ്പിൽ വരമ്പ് നിർമ്മിക്കൽ, മഴക്കാലത്ത് പറമ്പ് കിളച്ച് മണ്ണിളക്കൽ, തെങ്ങിന് തടം കോരി പുതയിടൽ, തടയണ നിർമ്മാണം മുതലായവയ്ക്കുള്ള പ്രാധാന്യം അവഗണിക്കാവുന്നതല്ലെങ്കിലും കേരളത്തിലെ പ്രത്യേക പരിതസ്ഥിതി അതായത് കോൺക്രീറ്റ് കെട്ടിട ബാഹുല്യവും നീണ്ട മഴക്കാലവും കാരണം, കെട്ടിടത്തിൽ മുകളിലെ പലപല ഫൈബർ ടാങ്കുകൾ നിരത്തിയുള്ള മഴവെള്ള കൊയ്ത്ത് ആണ് ഏറ്റവും പ്രയോജനകരം. പ്രത്യേകിച്ചും 50-60% ടെറസ്സ് വീടുകൾക്കും ചൂടും ചോർച്ചയും ഒഴിവാക്കാൻ ഫൈബർഷീറ്റ് മേൽക്കൂര നേരത്തെ നിർമ്മിച്ചിരിക്കാവുന്നതിനാൽ ഏക

ദേശം 30 ലക്ഷം വീടുകളിലെങ്കിലും ഈ രീതി വേഗത്തിൽ നടപ്പിലാക്കാം. അത്തരം ഓരോ വീടിന്റെ മുകളിൽ നിന്ന് ഒരു ചതുരശ്ര അടി പ്രതലത്തിന് 300 ലിറ്റർ മഴവെള്ളം കണക്കിന് ശരാശരി 400 അടി ഷീറ്റിന് 1,20,000 ലിറ്റർ കണക്കിൽ 30 ലക്ഷം ടെറസ്സ് കെട്ടിടങ്ങൾ (വീടോ, ബഹുനിലകെട്ടിടങ്ങളോ) വഴി ശേഖരിക്കാവുന്ന മുപ്പത്തി ആറായിരം കോടി ലിറ്റർ നേരിട്ടും അല്ലാതെയും മുമ്പ് എഴുതിയ രീതിയിൽ വെള്ളം ഭൂമിയിലേക്കും കിണറിലേക്കും ഒഴുക്കി ഭൂജലപരിപോഷണം നടത്തിയാലത്തെ പ്രയോജനം എളുപ്പത്തിൽ ഊഹിച്ച് മനസ്സിലാക്കാമല്ലോ! ഇതെല്ലാം സാധിക്കണമെങ്കിൽ സർക്കാരുകൾ ജലവകുപ്പുദ്യോഗസ്ഥർ, ജലശാസ്ത്രജ്ഞന്മാർ, ബഹുജനപരിസ്ഥിതി പ്രകൃതി പച്ച സംഘടനാ പ്രവർത്തകർ, വീട്ടമ്മമാർ, പൊതുജനങ്ങൾ എല്ലാം ഇച്ഛാശക്തിയോടെ ആത്മാർത്ഥതയോടെ അൽപ്പ ക്ലേശവും ആയാസവും സഹിച്ച് പ്രവർത്തിക്കണം. അങ്ങനെ ആയാൽ എല്ലാ എല്ലാ ജലദുരിതങ്ങൾക്കും എളുപ്പത്തിൽ പരിഹാരമുണ്ടാക്കാം.

കേരളത്തിലെ കെട്ടിടത്തിനു മുകളിലെ മഴവെള്ള സംഭരണ പരിപാടിയിലെ ഒരു പരാജയപ്പെട്ട പരീക്ഷണമായിരുന്നു ഫെറോസിമെന്റ് ടാങ്ക് രീതി. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഉപയോഗത്തിലില്ലാത്ത, ഈ രീതി കേരളത്തിൽ അമ്പേ പരാജയപ്പെട്ടുപോയി. പകരം മറ്റൊന്ന് കണ്ടെത്താൻ സാധിച്ചതുമില്ല. തന്നിനിമിത്തം ജനങ്ങൾക്ക് കെട്ടിടത്തിൻ മുകളിലെ മഴവെള്ള സംഭരണത്തിലുള്ള വിശ്വാസം തന്നെ നഷ്ടപ്പെട്ടുപോയി. ഈ അവസരത്തിലാണ് ലളിതമായി ഉപയോഗിക്കാവുന്ന Roof top Domestic multiple fibre Tank മാതൃകയുടെ പ്രസക്തി വെളിവാകുന്നത്. ശാസ്ത്രീയ, പരിസ്ഥിതി, പ്രകൃതി സംഘടനകളും താൽപ്പര്യമെടുത്ത് ഈ മാതൃക മഴവെള്ള സംഭരണികൾ ചിലരുടെ വീടുകളിൽ നിർമ്മിച്ചുപയോഗിച്ച് പൊതുജനങ്ങളിൽ ഒരു ബോധവൽക്കരണം നടത്തുന്നത് ആശാവഹമാണ്.


ഇത്തരം അനുഭവങ്ങളും സാഹചര്യങ്ങളുമെല്ലാം കണക്കിലെടുക്കുമ്പോൾ ഇന്നത്തെ സാഹചര്യത്തിൽ അവനവൻ തന്നെ ബോധപൂർവ്വം ശക്തിയോടെ ഈ രീതി സ്വന്തം വീട്ടിൽ നടപ്പിലാക്കുക എന്നത് ആണ് പ്രായോഗിക പരിഹാരം. പെട്ടെന്നുള്ള നിർമ്മാണം ലളിതമായ നിർമ്മാണ പരിപാലനം, പ്രാദേശികമായി ലഭ്യമായ നിർമ്മാണ സാമഗ്രികൾ മികച്ച ഉപഭോക്തസൗഹൃദ രീതി എന്നീ ഗുണങ്ങൾ ഉപയോഗപ്പെടുത്തി ഫൈബർ ഷീറ്റ് നേരത്തെയുള്ള വീട്ടിൽ വെറും രണ്ട് ആഴ്ചക്കുള്ളിലും, അതില്ലാത്ത വീട്ടിൽ ഫൈബർ ഷീറ്റ് മേൽക്കൂര പുതുതായി നിർമ്മിച്ച് ഈ സംവിധാനം ഒരുക്കാം. ഫൈബർ ഷീറ്റ് (ഏകദേശം 400 Sq.Feet) ഉള്ള ടെറസ്സിൽ മഴക്കാലത്ത് 750 ലിറ്റർ കുടിവെള്ളം നിർമ്മിച്ചെടുക്കാം. അതായത് 130 മഴ ദിവസങ്ങൾ കണക്കാക്കിയാൽ ദിവസം ഏകദേശം 500 ലിറ്റർ വെള്ളം. ശരാശരി പത്തുകൊല്ലക്കാലമോ അതിൽ കൂടുതലോ ഈ സംവിധാനം ഉപയോഗപ്പെടുത്താം. കുടിവെള്ളത്തിന്റെ ലഭ്യതക്കുറവും വിലക്കയറ്റവും നിമിത്തം 10 കൊല്ലം കൊണ്ട് 10 ലക്ഷം ലിറ്റർ മഴവെള്ളത്തിൽ നിന്ന് ലഭിക്കുന്ന കുടിവെള്ളത്തിന്റെ സാങ്കൽപ്പിക് സാമ്പത്തിക നേട്ടം ഊഹിക്കാമല്ലോ. വൈദ്യുതി ലാഭം -ദിവസം 1/2-1 യൂണിറ്റ്-വേറെയും.

കേരളത്തിലെ 30 ലക്ഷം കെട്ടിടങ്ങളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി ലാഭം വർഷത്തിൽ 390 (30 X 130) മെഗായൂണിറ്റ് അതിനാൽ ഇത്തരം ജല വൈദ്യുതി രക്ഷാമാർഗ്ഗങ്ങളുടെ സാമൂഹിക പരിതസ്ഥിതി പ്രതിബദ്ധത പ്രത്യേകമായി കണക്കിലെടുക്കണം. അവനവൻ നന്നാകുന്നതോടൊപ്പം സമൂഹത്തിന് ജല വൈദ്യുതി സുരക്ഷയും ലഭിക്കുന്നത്. വേനൽക്കാല മഴക്കാല ദുരിതങ്ങളും ഒഴിവായി കിട്ടുന്നതും ചാരിതാർത്ഥ്യജനകം തന്നെയാണല്ലോ.

ഇത്രയും വിസ്തരിച്ചെഴുതിയ നിലയിൽ ലേഖനം, അവസാനിപ്പിക്കുന്നതിന് മുമ്പ് മൂന്ന് കാര്യങ്ങൾ കൂടി പറയാം. ആദ്യത്തെ 2 കാര്യങ്ങൾ പലരും ചോദിക്കുന്ന സംശയങ്ങളെപ്പറ്റിയാണ്

1. മഴക്കാലത്ത് വേണ്ടത്ര വെള്ളമുണ്ടല്ലോ. പിന്നെ എന്തിനാണ് മഴവെള്ള





**Baby Memorial Hospital Ltd.**
(NABH Accredited, ISO 9001:2008 & 14001:2004 Certified Hospital)
Kozhikode - 673 004, Kerala, India.
Phone : +91 495 2777777, 272 3 272, Fax: +91 495 272 3 484.
E-mail: info@babymhospital.org.
www.babymhospital.org

BMH
COMMITTED TO CARE

**TO WHOMSOEVER IT MAY CONCERN**

This is to submit, that, Baby Memorial Hospital, Calicut has installed a new rain water harvesting system at its new block. This "Roof Top Multiple Fibre Tank System" has been adapted from the system set up by Dr. C. Balakrishnan Nair, Retd. Professor, Government Medical College, Kozhikode, at his residence, which is functioning effectively for the last seven years.

The system harvests around 1200 litres per hour. Besides saving of space, a lot of plumbing/pumping could be dispensed with. This was achieved by collecting and treating the water at the terrace itself and piping it to the overhead storage space, which has also resulted in considerable savings in electricity.

Due to the success of this model, the hospital is in the process of setting up a second system to enhance its water harvesting capacity.

This system, has been one of the contributing factors whereby, the hospital received First Position for Substantial and Sustained Efforts in Pollution Control (> 500 Beds Hospital) for the second year in succession in 2012.

We are highly obliged and grateful to Dr. C. Balakrishnan Nair, Retd. Professor, Government Medical College, Kozhikode, for his guidance, advise and valuable suggestions during the commissioning of the system and sustained operations thereafter.

For Baby Memorial Hospital Ltd.
05 Sep 2013
Lt Col (Retd) Sunny Thomas
General Manager, Projects & Engineering

സംഭരണം? അല്ലെങ്കിൽ മഴക്കാലത്തല്ലേ ഇത് സാധ്യമാവൂ. വേനലിൽ എന്ത് ചെയ്യും? ഇതിനുള്ള ഉത്തരം ചോദ്യത്തിൽ തന്നെയുണ്ട്. ഈ സംവിധാനത്തിന്റെ പേര് തന്നെ മഴവെള്ള സംഭരണം എന്നാണല്ലോ. മഴക്കാലത്തല്ലാതെ വേനലിൽ മഴവെള്ള സംഭരണം നടത്താൻ സാധിക്കുമോ? മഴവെള്ള സംഭരണം മുമ്പ് സൂചിപ്പിച്ച പോലെ വേനലിൽ ടാങ്കുകളിൽ സംഭരിച്ച് വെള്ളം ഉപയോഗിക്കാൻ മാത്രമല്ല കഴിയുന്നത്ര വെള്ളം ഭൂമിയിൽ ശേഖരിച്ച് ജലസുരക്ഷ ഉറപ്പാക്കാനും വീടിന് പുറത്തോട്ട് ഒഴുകി ഓടകളിലും മറ്റും വെള്ളക്കെട്ടുണ്ടാക്കി കൊതുക് പെരുകി മഴക്കാല ജലജന്യരോഗങ്ങളെ പ്രതിരോധിക്കാനും കൂടിയുള്ളതാണ്.

2. രണ്ടാമത്തെ സംശയം- ഈ ശേഖരിച്ച വെള്ളം എത്രകാലം കേടാകാതെ സൂക്ഷിച്ച് വെയ്ക്കാൻ പറ്റും? എന്നതാണ്, നിശ്ചയമായും മഴക്കാലം കഴിഞ്ഞ് അടുത്ത മഴക്കാലം (കാലവർഷം) വരെയുള്ള 3-4 മാസങ്ങൾ വരെ സൂക്ഷിക്കാൻ ഈ രണ്ടാഴ്ച കൂടുമ്പോൾ ക്ലോറിനേഷൻ (1000 ലിറ്റർ ടാങ്കിൽ 2 ചെറിയ സ്പൂൺ Bleaching Powder കലക്കിയ തെളിവെള്ളം ഒഴിച്ചും, ടാങ്ക് മുഴുവനായും നിറച്ച് (ടാങ്ക് മൂടിയും വെള്ളത്തിന്റെ മുകൾ തലവും (വളരെ ചെറിയ വായു സ്ഥലം മാത്രം) നിർത്തിയും ഇത് സാധിച്ചെടുക്കാം. ആദ്യത്തെ ടാങ്കിൽ നിന്ന് ആവശ്യത്തിന് വെള്ളം എടുത്ത് തീരുമ്പോൾ മാത്രം മറ്റേ ടാങ്കിൽ നിന്ന് വെള്ളം എടുക്കണം. അത്ര തന്നെ വേണ്ടിവന്നാൽ സംശയം തീർക്കാൻ രണ്ട് മാസത്തിൽ ലാബ് പരിശോധനയും നടത്താം.

ചില കാര്യങ്ങൾ കൂടി വ്യക്തമാക്കാനുണ്ട്. ഇത്രയും ലളിതമായ പ്രായോഗികക്ഷമതയുള്ള ഒരു ചെറുവിദ്യ ഒരു ജലസമൃദ്ധമായ നാടിനെ മുഴുവൻ അതിമഹാജലദുരന്തത്തിൽ നിന്നും രക്ഷിക്കാൻ സാധിക്കും എന്ന കാര്യം ശാസ്ത്രലോകത്തിലെ അത്യപൂർവ്വ അവിശ്വസനീയ സംഭവം തന്നെയല്ലേ? അതുപോലെ ഇത്രയും ലളിതമായ ഒരു മാതൃക

ഈ മാതൃക ഗവണ്മെന്റിന്റെ ഏറ്റവും ഉന്നതമായ സാങ്കേതികവും (KWA, CWRDM, Jalanidhi (KRWSA) ഭരണപരവുമായ (WRD, LSGA) സ്ഥാപനങ്ങളുടെ പ്രശംസയും അംഗീകാരവും തുടർന്ന് നടപ്പിലാക്കാനുള്ള നിർദ്ദേശവും നേടിയെക്കാൻ കഴിഞ്ഞിട്ട്. എന്നാൽ ഈ ലളിത മാതൃകയ്ക്ക് ജലശാസ്ത്രജ്ഞന്മാരിൽ നിന്ന് ലഭിച്ച പിന്തുണ ആശാവഹമായിരുന്നില്ല. പക്ഷേ ഇതിനെല്ലാം ഇടയിലും എന്നെ എല്ലായിപ്പോഴും സഹായിച്ച I.A.S. ന്റെ ഉൾക്കാഴ്ച്ചയും ദീർഘവീക്ഷണവും ഉള്ള മൂന്ന് മുൻ കളക്ടർമാർ ശ്രീ. പി. ബി. സലിം, ശ്രീ. മോഹൻ കുമാർ, ശ്രീമതി സി.എസ്. ലത നിർലോഭം സഹായിച്ചിട്ടുമുണ്ട് എന്ന് കൃതജ്ഞതാപൂർവ്വം എഴുതുന്നു.

ഈ മാതൃക കേരളത്തിലാകമാനം നടപ്പിലാക്കണം എന്ന ഉദ്ദേശത്തോടുകൂടി പല സർക്കാർ ഏജൻസികളേയും ജനപ്രതിനിധികളേയും സമീപിച്ചിട്ടുണ്ടെങ്കിലും ഈ മാതൃകയുടെ പ്രാധാന്യം മനസ്സിലാകാത്തത് മൂലമായിരിക്കും പലരും കാര്യമായി പ്രതികരിച്ച് കണ്ടില്ല.

എന്റെ ഇപ്പോഴത്തെ ഭയം ഭാവിയിൽ എല്ലാവരും പ്രതീക്ഷിക്കുന്ന ജലയുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് ഒരു ജലലഹളയായി സംഭവിക്കുന്നത് മഴയുടെയും, വെള്ളത്തിന്റെയും നദികളുടെയും കിണറുകളുടെയും മറ്റും നാടായ നമ്മുടെ കേരളത്തിൽ തന്നെയായിരിക്കും? കുടിവെള്ളത്തിന്റെ പേരിൽ ഒരു മുന്നാർ (Munnar) മോഡൽ ലഹള ഇവിടെ സംഭവിച്ചുകൂടായ്കയില്ല. ഇന്നത്തെ ഈ പോക്കു പോയാൽ മഴവെള്ളം, കുടിവെള്ളം എന്നിവയോടുള്ള അവഗണനയും നിഷേധാത്മക നിലപാടും അലസതയും മറ്റും നിമിത്തം മലയാളികളെ 'നാറാണത്തു ഭ്രാന്തന്മാർ' എന്നും അവസരങ്ങൾ കളഞ്ഞുകുളിക്കുന്ന 'മുടിയനായ പുത്രന്മാർ' എന്നും വിശേഷിപ്പിച്ചാൽ സത്യം തന്നെയല്ലേ എന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ തന്നെ തോന്നിപ്പോകുന്നു.

ഈ Roof top Domestic Multiple fiber Tank മഴവെള്ള സംഭരണ മാതൃക, കോഴിക്കോട്ടെ എല്ലാ പത്രങ്ങളിലും കഴിഞ്ഞ അഞ്ച് കൊല്ലങ്ങളിൽ (2011 മുതൽ '16 വരെ) 30 ൽ അധികം പത്രവാർത്തകളും ദൂരദർശൻ, എഷ്യാനെറ്റ് അടക്കം ആറ് ടിവി ചാനലുകളിൽ ന്യൂസ് ആയി ടെലികാസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ചില ചെറിയ പുരസ്കാരങ്ങളും ആദരിക്കലും ലഭിച്ചിട്ടുമുണ്ട്. ഇന്റർനെറ്റിൽ Rain Water Harvesting - Rooftop Multiple Fiber Tank Model എന്ന് സെർച്ച് ചെയ്താൽ 5 സൈറ്റുകളിൽ കണ്ട് മനസ്സിലാക്കാൻ സാധിക്കും. എന്തായാലും ഈ നീണ്ട ലേഖനം വായിച്ച് കുറച്ച് പേരെങ്കിലും ഈ വേനൽക്കാലത്ത് തന്നെ കൂടിയാൽ ഒരുമാസത്തെ സമയത്ത് തന്നെ ഇത്തരം Rooftop Multiple Fiber Tank മഴവെള്ള സംഭരണി നിർമ്മിച്ച് വരാൻ പോകുന്ന മഴയേയും കാത്തിരിക്കുമെന്ന പ്രത്യാശയോടെ അവസാനിപ്പിക്കുകയാണ്. ദൈവം കേരളത്തെ മനുഷ്യനിർമ്മിത മരുഭൂമിയാക്കുന്നതിൽ നിന്നും രക്ഷിക്കട്ടെ!

*ലേഖകൻ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് റിട്ട. പ്രൊഫസറാണ്*

# അക്കൗണ്ടന്മാരുടെ വാട്സപ്പ് കൂട്ടായ്മ നടത്തി



കേരളത്തിലെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്മാരുടെ വാട്ട്സപ്പ് കൂട്ടായ്മയായ സാംഖ്യയുടെ ഒത്തുചേരലിന് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് ഹാൾ മെയ് 1 ന് വേദിയായി.തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള അക്കൗണ്ടന്റുമാർ സംഗമത്തിൽ പങ്കെടുത്തു.പേര് കണ്ട് മാത്രം എഴുത്തിൽ കൂടി പരിചയപ്പെട്ട സുഹൃത്തുക്കൾ നേരിൽ കണ്ടപ്പോൾ അദ്ഭുതവും സന്തോഷവുമായിരുന്നു.

സാംഖ്യ കൂട്ടായ്മയോടനുബന്ധിച്ച് പഞ്ചായത്തുകളിലെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കലുമായി ബന്ധപ്പെട്ട് ഏകദിന പരിശീലനവും നടന്നു.തൃശ്ശൂർ പാണാഞ്ചേരി ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ കെ സി ജെയിംസ് ക്ലാസ്സ് നയിച്ചു. ഗ്രൂപ്പിന് നവ്യാനുഭവമായ ഈ കൂട്ടായ്മയിൽ ഏറ്റവും മികച്ച ദേശീയ അവാർഡുകൾ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയ മലപ്പുറം അങ്ങാടിപ്പുറം പഞ്ചായത്ത് സെക്രട്ടറി ശ്രീ സിദ്ദീഖ് കൈപ്പുറം മുഖ്യാതിഥി ആയിരുന്നു. അദ്ദേഹം ചടങ്ങിൽ തന്റെ അനുഭവങ്ങൾ പങ്കു വെച്ചു.

പത്തനംതിട്ട ആറന്മുള പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക് ശ്രീ ഹരികൃഷ്ണൻ അംഗങ്ങൾ തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികകളുടെ കരട്പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്ത് അസി സെക്രട്ടറി ശ്രീമതി ഓമനാമ്മാളിന്റെ ഏക മകൻ സുധീഷിന്റെ ചികിത്സാ നിധിയിലേയ്ക്ക് കൂട്ടായ്മ സ്വരൂപിച്ച തുക മുളക്കുഴ അക്കൗണ്ടന്റ് ശ്രീമതി സുനിതയ്ക്ക് ശ്രീ സിദ്ധീഖ് കൈപ്പുറം കൈമാറി.വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് കൊച്ചി അമൃത ആശുപത്രിയിൽ ചികിത്സയിലാണ് സുധീഷ്.

ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്മാരുടെ അക്കൗണ്ടിംഗ് സംബന്ധിച്ചുള്ള സംശയനിവാരണത്തിനുള്ള മുതൽക്കൂട്ടായി തുടങ്ങിയ സാംഖ്യ ഗ്രൂപ്പിനെ നയിക്കുന്നത് നിതിൻ സി എൻ (പടിയൂർ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ),രശ്മി മോഹൻ (മുത്തോലിഗ്രാമപഞ്ചായത്ത്,കോട്ടയം),സുനിൽകുമാർ(എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്,എറണാകുളം),സനൽകുമാർ( കോലഴി ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ), ബിജോയി ഓ പി(അന്തിക്കാട് ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ) എന്നീ അക്കൗണ്ടന്മാരാണ്



# തരിശുനിലങ്ങളിൽ നെൽകൃഷി നടത്തി തുമ്പമൺ ഗ്രാമപഞ്ചായത്ത്





2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഒരു മാതൃകാ പദ്ധതി 'തരിശുനിലങ്ങളിലെ നെൽകൃഷി' നടപ്പിലാക്കി വിജയിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ.സഖറിയ വർഗ്ഗീസ് നടത്തിയ ശ്രമങ്ങൾ വിജയിച്ചു.

വിഷരഹിതമായ ഭക്ഷണം ലഭ്യമാക്കുക എന്ന ഉദ്ദശത്തോടുകൂടി തുമ്പമൺ ഗ്രാമപഞ്ചായത്തിലെ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നേതൃത്വം നല്കുകയും വിത്ത് വിതക്കൽ, കൊയ്ത്ത് എന്നീ പരിപാടികളിൽ തൊഴിലാളികളോടൊപ്പം മുന്നിൽനില്ക്കുകയും ചെയ്തതിന്റെ ഫലമായി മുട്ടം,പാറക്കര നീർത്തടങ്ങളിലായി 10 ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനായി സാധിച്ചു. കൃഷി വകുപ്പും ഗ്രാമപഞ്ചായത്തും കുടുംബശ്രീയുമായി സംയോജിപ്പിച്ച് തൊഴിലുറപ്പ് പദ്ധതിയിലെ 10 തൊഴിലാളികളെ വീതം ചേർത്ത് 4 ലേബർ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഗ്രൂപ്പ് കൺവീനർമാരുടെ നേതൃത്വത്തിൽ! പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. തൊഴിലുറപ്പ് തൊഴിലാളികളെ കൃഷിഭൂമി കൃഷിക്കനുയോജ്യമാക്കുന്നതിനായി മസ്ററോളിൽ ഉൾപ്പെടുത്തി തൊഴിലിനിറക്കി. വർഷങ്ങളായി കൃഷിചെയ്യാതെ പായൽമൂടിക്കിടന്ന നെൽപ്പാടങ്ങളിൽ കാടുകളും പായലും നീക്കംചെയ്ത് നിലമൊരുക്കി പാടങ്ങളിൽ വരമ്പ് നിർമ്മിച്ച് കൃഷിക്ക് അനുയോജ്യമാക്കി. ജലലഭ്യതക്കായി തോടുകളിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കി. വിത്ത് വളം എന്നിവ സബ്സിഡി നിരക്കിൽ കൃഷി ആഫീസിൽ നിന്നും ലഭ്യമാക്കി. കുടുംബശ്രീമിഷനിൽ! നിന്നുമായി ഓരോഗ്രൂപ്പിനും പ്രാരംഭ ചെലവുകൾക്കായി 100000/ രൂപ വീതം പലിശരഹിതലോൺ ലഭ്യമാക്കി. ഏകദേശം 150 തൊഴിലാളികൾ പദ്ധതിവിജയിപ്പിക്കുന്നതിനായി പരിശ്രമിക്കുകയും മൂന്നര മാസംകൊ് അവർക്ക് 100 മേനി വിളവ് ലഭിക്കുകയും ചെയ്തു. ഇതിനായി കൃഷി ആഫീസർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി, വാർഡ് മെമ്പർമാർ കുടുംബശ്രീമിഷൻ, കർഷക പ്രതിനിധികൾ, പാടശേഖര സമിതി അംഗങ്ങൾ എന്നിവരുടെ പ്രോത്സാഹനം ശ്ലാഘനീയമായിരുന്നു.

# പടിയൂർ–വിഷരഹിത കൃഷിയിടം : ജൈവ പച്ചക്കറി വിളവെടുത്തു



പടിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ജൈവ പച്ചക്കറികൃഷി വിളവിറക്കി വിളവെടുത്തു. വർഷങ്ങളായി ഉപയോഗ ശൂന്യമായികിടന്ന ഒരു ഏക്കർ വരുന്ന പഞ്ചായത്ത് പ്രാഥമി കാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലമാണ് കൃഷിക്ക് തെരെഞ്ഞെടുത്തത്. ഭൂമി കൃഷിക്കായി ഒരുക്കുവാൻ തന്നെ വലിയ പ്രയാസമായിരുന്നു. എന്നാൽ മെമ്പർമാർ കാർഷിക നിലമൊരുക്കുവാൻ നന്നായി പ്രയത്നിച്ചു. ഒരേക്കറിൽ പകുതി ഭാഗത്ത് കുറ്റിപയർ വിതച്ചു. ബാക്കി ഭാഗത്ത് പൊട്ടുവെള്ളരിയും, ചീരയും, പടവലവും, കുമ്പളവും നട്ടു. വളവും കീടനാശിനിയും 100% വും ജൈവരീതിയിലായിരുന്നു. ചാരം, ചാണകം, ഗോമൂത്രം, കപ്പലണ്ടിപിണ്ണാക്ക് എന്നിവയാണ് വളമായി നൽകിയത്. കീടനിയന്ത്രണത്തിന് ജൈവരീതിയിലുള്ള കെണികൾ, ശീമകൊന്നലായിനി എന്നിവ ഉപയോഗിച്ചു. വളരെയേറെ ആവേശത്തോടെയാണ് കൃഷി ആരംഭിച്ചത്. വിത്തിട്ട് മുളപൊട്ടിതുടങ്ങിയപ്പോൾ എല്ലാവരിലും ഉത്സാഹമായി. വളമിടലും, കളപറിക്കലും നനനൽകുന്നതും എല്ലാം ഭരണസമിതി അംഗങ്ങളും, പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങളായ രതീഷും, സിജീഷും ഉൾപ്പെടെയുള്ളവർ ആയിരുന്നു.

പഞ്ചായത്തിൽ 40 ലേബർ ഗ്രൂപ്പുകളും 100 ബയോ ആർമി അംഗങ്ങളേയും തെരഞ്ഞെടുത്തിട്ടുണ്ട്. ജൈവ കാർഷിക രീതിയാണ് ഈ ഗ്രൂപ്പുകൾ പിന്തുടരാൻ പോകുന്നത്. ഞങ്ങൾ ലേബർ ഗ്രൂപ്പുകൾ ഉണ്ടാക്കുക മാത്രമല്ല ചെയ്യുന്നത്. അവർക്കുകൂടി പ്രചോദനവും മാതൃകയുമാണ് പഞ്ചായത്ത് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സാമാന്യം നല്ല വിളവെടുപ്പ് നടന്നു. ധാരാളം പൊട്ടുവെള്ളരി കുറഞ്ഞ നിരക്കിൽ നാട്ടുകാർക്ക് വിൽപ്പന നടത്തി. ജൈവരീതിയിൽ ഉൽപാദിപ്പിച്ചതിനാൽ ഇവിടെ ഉദ്പാദിപ്പിച്ച ചീരയുൾപ്പെടെയുള്ളവയ്ക്ക് നല്ല സ്വാദ് അനുഭവപ്പെട്ടു എന്ന് നാട്ടുകാർ പറഞ്ഞത് ഏറെ സന്തോഷകരമാണ്. നാട്ടിലുള്ള എല്ലാവരും ഇപ്പോൾ ഈ കൃഷി രീതി മാതൃകയാക്കുന്നുവെന്നത് നാളത്തെ നല്ല ഭാവിയെ ഓർമിപ്പിക്കുന്നു. ഈ കൃഷിയിൽ നിന്നും ലഭിച്ച വരുമാനം പഞ്ചായത്തിലെ പെയിൻ & പാലിയേറ്റീവ് രോഗികളുടെ ചികിത്സാ ചിലവിലേക്ക് നൽകും. ചുട്ടുപൊള്ളുന്ന വേനൽകാലത്ത് പൊട്ടുവെള്ളരി ജ്യൂസ് ഏവരുടേയും പ്രിയപ്പെട്ട പാനീയമായിമാറി. ഇനി ഈ കൃഷിയിടത്തിൽ നവരനെല്ല് വിളയിക്കാനാണ് തീരുമാനം. വിഷമില്ലാത്ത നല്ല ഒന്നാന്തരം ജൈവ നവരനെല്ല്.

ഭരണസമിതിയുടെ ഈ കാർഷിക കൂട്ടായ്മക്ക് കൃഷിയാഫീസർ, സ്റ്റാഫ്, കോർഡിനേറ്റർ (വിദ്യാഭ്യാസം-ആരോഗ്യം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) കെ.പി.കണ്ണൻ, മെമ്പർമാർ എന്നിവർ നേതൃത്വം നൽകി.

**ഷീജാ ഷെരീഫ്**
തുമ്പമൺ ഗ്രാമപഞ്ചായത്ത് (MGNREGS)

# ഭൂമിക്കൊരുണർത്തുപാട്ട്...

വേണ്ട മരിക്കേണ്ടന്റെറമ്മയാം ഭൂമി
വേണ്ടിനി അമ്മയ്ക്കായൊരു ചരമഗീതം
പുനർജ്ജനിപ്പിച്ചിടാം അമ്മയാം ഭൂമിയെ
പുതുതലമുറയ്കായൊരു സമ്മാനമേകിടാം
മൂല്യമേറും കാറ്റുനല്കും പ്രകൃതിനമ്മൾ മറന്നിടേ
മരങ്ങൾ നല്കിടും തണലു നമ്മൾ മുറിച്ചിടല്ലേ കൂട്ടരേ
ഇലകൾ  നല്കും പ്രാണവായുവിൻ മൂല്യം നമ്മളറിയണം
ഈ മലകൾ നല്കും നദികൾ നമ്മൾ കൊന്നിടല്ലേ മർത്ത്യരേ
വയലു നല്കും കുളിർമ്മ നമ്മൾ നികത്തിടല്ലേ മനുജരേ
വരും തലമുറയ്ക്കായി നമ്മൾ ശുദ്ധവായു കരുതിടാം.
ജലാശയങ്ങൾ മലിനമാക്കിടും വ്യവസായമെന്തിന് നാടിന്
ജന്മമേകിയൊരമ്മയെ കൊന്നിടുന്നതെന്തിന് ?
പെയ്തിറങ്ങും മഴയെനമ്മൾ കരുതലോടെ കാത്തിടാം
പാഴാക്കിടാതെ കുഴികളേകി മണ്ണിലേക്കാഴ്ത്തിടാം
ഹരിതവർണ്ണമേകിടും മരങ്ങളൊക്കെ നട്ടിടാം
ഹർഷ പുളകിതയായൊരു ഭൂമിയാക്കി മാറ്റിടാം
പക്ഷിമൃഗാദികൾക്കൊക്കെയായീ വനങ്ങളിനിയൊരുക്കിടാം
പാട്ടുപാടി പറന്നിടുമൊരു സുന്ദരഭവനമാക്കിടാം
കടലും കരയും ചേർന്നുനില്ക്കുമൊരു കൗതുകമാം ഭൂമിയെ
കരുതലോടെ കാത്തുവെച്ചു സുന്ദരമായ് തീർത്തിടാം
പരിസ്ഥിതിയെ മലിനമാക്കും പ്ലാസ്റ്റിക്കിനെ മറന്നിടാം
പ്രകൃതി സൗഹൃദവസ്തുവിനെ പകരമായി നല്കിടാം
വലിച്ചെറിയും മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്ക്കരിക്കാം
വിസ്മയമാം പ്രകൃതിയെ പുസ്തകമായ് പഠിച്ചിടാം
വിണ്ണിൻ താഴെ പ്രകൃതിഭംഗിയേറിടുമീ ഭൂമി
വെളിച്ചമേകി നിന്നിടട്ടെ പാരിടത്തിൽ  നിത്യവും



# പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന്

## വീണ്ടും ദേശീയ അംഗീകാരം



പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് ഇത് ആറാം തവണയാണ് ദേശീയ അംഗീകാരത്തിന് അർഹമാവുന്നത്. പൊതുവായ പ്രവർത്തനമികവാണ് -പ്രത്യേഗിച്ച് പൗരൻമാർക്ക് നൽകുന്ന സേവനത്തിന്റെ ഗുണമേൻമ മെച്ചപ്പെടുത്തിയതിനാണ് 2014-15 വർഷത്തേക്കുള്ള കേന്ദ്രസർക്കാരിന്റെ പഞ്ചായത്ത് ശശാക്തീകരൺ പുരസ്കാരത്തിന് പുലാമന്തോൾ ഗ്രാമ പഞ്ചായത്തിനെ അർഹമാക്കിയത്. മികച്ച ഗ്രാമ പഞ്ചായത്തിനുള്ള സംസ്ഥാന സർക്കാരിന്റെ സ്വരാജ് ട്രോഫിക്ക് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് അർഹമായിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് പ്രത്യേക ഊന്നൽ നൽകിയത് ഓഫീസിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഓഫീസ് പ്രവർത്തനത്തിന്റെയും അവിടെ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനത്തിനുമാണ്. തികച്ചും ഗ്രാമീണ പശ്ചാത്തലത്തിലുള്ള ഒരു സർക്കാർ ഓഫീസിൽ ദിവസേന നൂറുകണക്കിന് ആളുകളാണ് വിവിധങ്ങളായ സേവനങ്ങൾക്കും ആവശ്യങ്ങൾക്കുമായി വന്നുപോവുന്നത്. ഇത്തരം പൊതുജനത്തെ ഉൾക്കൊള്ളാനൊ അവർക്ക് ശരിയാം വിധം സേവനങ്ങൾ നൽകുന്നതിനൊ കഴിയുന്നില്ല എന്ന തിരിച്ചറിവിൽ നിന്നാണ് പഞ്ചായത്ത് ഭരണ സമിതി ഇത്തരം ഒരു ബൃഹത്തായ പദ്ധതി ഏറ്റെടുത്തത്.

പഞ്ചായത്ത് ഓഫീസിൽനിന്നും നൽകുന്ന സേവനങ്ങൾക്ക് അന്താരാഷ്ട്ര ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ചിട്ടയായി നടപ്പിലാക്കി. വാർഡ് തലത്തിൽ സർവ്വെകൾ നടത്തി. ഭൗതിക സൗകര്യങ്ങളൊരുക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുത്തു. കൺസൾട്ടൻസി എജൻസിയുടെയും ഓഡിറ്റ് എജൻസിയുടെയും നിർദ്ദേശപ്രകാരമുള്ള എല്ലാ ക്രമീകരണങ്ങളും ചിട്ടയായും ക്രമമായും നടത്തി. ഫ്രണ്ട് ഓഫീസിൽ ടെച്ച് സ്ക്രീൻ, ടോക്കൻ സിസ്റ്റം തുടങ്ങി എല്ലാ സൗകര്യങ്ങളും ഒരുക്കി. സർക്കാർ ഉത്തരവ് നം 123/2009/തസ്വഭവ തിയ്യതി പ്രകാരം ഫ്രണ്ട് ഓഫീസ് പ്രവർത്തനം ചിട്ടപ്പെടുത്തി. ശ്രമകരമായ ഈ ഉദ്യമത്തിന്റെ ഫലമായി 27-3-15ന് ISO 9001 : 2008 സർട്ടിഫിക്കേഷൻ ലഭിച്ചു.

പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പഴയ കെട്ടിടം പൊളിച്ച് 5000 ചതുരശ്ര അടി വിസ്തൃതിയിൽ 30-40 വർഷം മുന്നിൽ കണ്ടുകൊണ്ട് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിച്ചു. പഞ്ചായത്ത് ഓഫീസിനു പുറമെ അസി. എഞ്ചിനീയറുടെ ഓഫീസ്, വി ഇ ഒ ഓഫീസ്, കുടുംബശ്രീ ഓഫീസ്, ഐ സി ഡി എസ് ഓഫീസ്, ലീഗൽ സർവ്വീസ് സെല്ല്, സാക്ഷരതാ വിദ്യാകേന്ദ്രം, സ്പോർട്സ്



യൂത്ത് കോഒർഡിനേറ്റർ, എസ് സി പ്രൊമോട്ടർ എന്നിവർക്ക് മതിയായ സൗകര്യമൊരുക്കി. വിശാലമായ ഫ്രണ്ട് ഓഫീസ് എല്ലാ ആധുനിക സൗകര്യങ്ങളോട് കൂടിയാണ് ഒരുക്കിയിരിക്കുന്നത്. ജീവനക്കാർക്ക് ക്ലേശരഹിതമായി ജോലിചെയ്യാനുള്ള അന്തരീക്ഷം മെയിൻ ഓഫീസിൽ ഒരുക്കിയിരിക്കുന്നു. ടെലി കോൺഫറൻസ്, സി സി ടി വി എന്നിവയും ഒരുക്കിയിരിക്കുന്നു.

വിവിധ സേവനങ്ങൾക്കായി പൊതുജനങ്ങൾ പഞ്ചായത്ത് ഒഫീസിലേക്ക് വരുന്നതിന്റെ ആവർത്തി കുറക്കുന്നതിനും വിവരങ്ങൾ പൊതുജനങ്ങൾക്ക് കൈമാറുന്നതിനും ആധുനിക വിവര സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി എന്നത് പുലാമന്തോൾ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച് ശ്രദ്ധേയമാണ്. ജനനം -മരണം- വിവാഹം എന്നിവയുടെ സർട്ടിഫിക്കേറ്റുകൾ പൂർണ്ണമായും ഒൺലൈനിലൂടെ ലഭ്യമാണ്. നികുതി കുടിശ്ശിക ഇല്ലാത്ത കെട്ടിടങ്ങളുടെ ഉടമസ്ഥത സർട്ടിഫിക്കേറ്റ് ഉടമസ്ഥന് സ്വന്തം വീട്ടിൽനിന്നും പ്രിന്റ് എടുക്കാവുന്നതാണ്. എസ് എം എസ് വഴി അപേക്ഷകന് അപേക്ഷയുടെ സ്റ്റാറ്റസ് ലഭ്യമാണ്. ഫയൽ ട്രക്കിംഗ് സമ്പ്രദായത്തിലൂടെ ഓൺലൈനിൽ ഫയൽനീക്കം വീക്ഷിക്കുന്നതിന് പൗരന് സൗകര്യമൊരുക്കി.

ജല സംരക്ഷണം, കുടിവെള്ളം, വൈദ്യുതി, തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിലും ശ്രദ്ധേയ നേട്ടം കൈവരിക്കുന്നതിന് പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഏറെ വിമർശിക്കപ്പെടുന്ന കാര്യമാണ് ആസ്തികളുടെ സൃഷ്ടി നടത്തപ്പെടുന്നില്ല എന്നത്. എന്നാൽ പുലാമന്തോൾ ഗ്രാമ പഞ്ചായത്തിലെ 2014-15 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 60 കിണറുകൾ നിർമ്മിച്ചു. ഇതിൽ 40 എണ്ണം കിണറികൾ 10 കോൽലിൽ പരം ആഴമുള്ളതാണ്. 58 കിണറുകൾ വർഷം മുഴുവൻ കുടിവെള്ളം നൽകുന്നു. അതിനെല്ലാം ഉപരി ഇവയിൽ ബഹു ഭൂരിപക്ഷവും സ്ത്രികൾ സ്വന്തമായി കുഴിച്ചവയാണെന്നതാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ പാവപ്പെട്ട ആളുകളുടെ വീടുകളിലാണ് ഇവ നിർമ്മിച്ചുനൽകിയിരുക്കുന്നതും എടുത്തുപറയേണ്ടതാണ്. മഴപ്പൊലിമ എന്ന പേരിൽ കിണർ റീ ചർജജിംഗ് 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി. മേൽക്കൂരയിലെ വെള്ളം ശേഖരിച്ച് കിണർ റീ ചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കി ഭൂഗർഭ ജലം വർദ്ധിപ്പിക്കുന്നതിന് ഇടപെടൽ നടത്തി. ബി പി എൽ കുടുംബങ്ങളുടെ 100 വീടുകളിൽ പി വി സി പൈപ്പും പാത്തിയും ഘടിപ്പിച്ച് മേൽകൂരയിലെ വെള്ളം അവരുടെ സാമീപത്തെ കിണറുകളിൽ എത്തിക്കുന്ന പദ്ധതി യൂനിറ്റിന് 2050 രൂപ നിരക്കിൽ 100 വീടുകൾക്ക് 2,05,000 രൂപ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും മെറ്റീരിയൽ ഘടകത്തിൽനിന്നും ചെലവഴിച്ചു. ജലസംരക്ഷണത്തിൽ അവബോധം സൃഷ്ടിച്ച് പൊതു സമൂഹത്തിൽ ജലസാക്ഷരത ഉറപ്പ് വരുത്തുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ വളരെയധികം സഹായിച്ചിട്ടുണ്ട്.

ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് പ്രതിവർഷം വർഷം 12 ലക്ഷത്തിൽ പരം രൂപയാണ് പഞ്ചായത്ത് തനത് ഫണ്ടിൽനിന്നും ചെലവിടുന്നത്. നൽകുന്ന ജലത്തിന്റെ ഗുണമേന്മ ശാസ്ത്രീയമായി ടെസ്റ്റ് ചെയ്ത് ഉറപ്പ് വരുത്തുന്നു. 1860 തെരുവ് വിളക്കുക്കൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ച് പരിപാലിച്ച് പോരുന്നു.

ബാല സൗഹൃദ പഞ്ചായത്ത് എന്ന പേരിൽ 2014-15 വർഷത്തിൽ പ്രൊജക്ട് ഏറ്റെടുക്കുകയുണ്ടായി. യൂനിസെഫ് മുന്നോട്ട് വെക്കുന്ന കുട്ടികളുടെ അവകാശങ്ങൾ ( അതിജിവനം, സംരക്ഷണം, ഉന്നമനം പങ്കാളിത്തം) അവർക്ക് ഉറപ്പ് വരുത്തുന്ന, അനുഭവവേദ്യമാക്കുന്ന ഒരു മാതൃകാ പഞ്ചായത്ത് എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് ഉദ്യേശിച്ചുകൊണ്ട് ഏറ്റെടുത്ത ഒരു പ്രൊജക്ടാണിത്. കിലയുടെ പിന്തുണയോടെ ദീർഘകാല വീക്ഷണത്തോടൊയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. (കുട്ടികളുടെ ക്ഷേമത്തിനായി പഞ്ചായത്ത് ഏറ്റെടുക്കുന്ന മറ്റു പ്രൊജക്ടുൾ കൂടി യഥാർത്ഥത്തിൽ ഇതിന്റെ ഭാഗമാണ്.) ശിശുസൗഹൃദമായ അന്തരീക്ഷം പഞ്ചായത്തിൽ അനുഭവവേദ്യമാക്കുതിന് വിവധ



ങ്ങളായ കർമ്മ പരിപാടികളാണ് ഇതിൽ ഏറ്റെടുത്തിരിക്കുന്നത്. സംസ്ഥാനത്ത് 5 പഞ്ചായത്തുകളെയും 1 മുനിസിപ്പാലിറ്റിയെയുമാണ് പൈലറ്റ് പ്രൊജക്ട് എന്ന രീതിയിൽ കില തെരഞ്ഞെടുത്തിരിക്കുന്നത്. നാളത്തെ ഉത്തമ പൗരനെ വാർത്തെടുക്കുന്നതിനുള്ള ഒരു പ്രാദേശിക സർക്കാരിന്റെ ബാധ്യതയാണ് ഇതിലൂടെ നിറവേറ്റപ്പെടുന്നത്.

ഏറ്റവും ആധുനികമായ സങ്കൽപ്പമനുസരിച്ച് പൂജ്യം മുതൽ 18 വരെ വയസ്സുള്ളവരെയാണ് കുട്ടികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവരുടെ അവകാശങ്ങൾ തിരിച്ചറിയുന്നതിനും പൊതുസമൂഹത്തിന് അത് ബോധ്യപ്പെടുത്തുന്നതിനും ആ അവകാശങ്ങൾ അവർക്ക് ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് പ്രൊജക്ട് ലക്ഷ്യമിടുന്നു.

ആദ്യഘട്ടത്തിൽ പഞ്ചായത്തിലെ മുഴുവൻകുട്ടികളുടെ വിവര വ്യൂഹം തയ്യാറാക്കുകയാണ് ചെയ്തത്.



അംഗൻവാടികൾ, പ്രൈമറി സ്കൂളുകൾ, പ്രഥമികാരോഗ്യ കേന്ദ്രം, ബേസിക് റിസോഴ്സ് സെന്റർ എന്നിവയുടെ സഹകരണത്തോടെ പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലക്ക് പ്രാധാന്യം നൽകി വിവരവ്യൂഹം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇത് പഞ്ചാത്തിലെ കുട്ടികളുടെ പൊതുവായ ഒരുവിവരം സാമാന്യ ജനസമൂഹത്തിനും ഗവേഷണ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് ഉപകരിച്ചു. ഇത് ശിശുസൗഹൃദ പഞ്ചായത്തിന്റെ തുടർപ്രർത്തനത്തിന്റെ അടിസ്ഥാന രേഖയായി മാറ്റുന്നതിനും ഉപകരിച്ചു.

പ്രൊജക്ടിലൂടെ ലക്ഷ്യമിടുന്ന പ്രധാന ഘടകങ്ങൾ താഴെ പറയുന്നയാണ്

1. പോഷകാഹാരക്കുറവ് പരിഹരിച്ച് ആരോഗ്യമുള്ള തലമുറയെ വാർത്തെ






QUALITY MANAGEMENT SYSTEM

TQ
TATA PROJECTS QUALITY SERVICES

CERTIFICATE

This is to certify that the Quality Management System of:

**Office of the Pulamanthole Grama Panchayat**
**Pulamanthole (PO), Malappuram-679323**

has been found to conform to the standard:

**ISO 9001:2008**

for the following product or service range:

**Providing Administrative services as per Local Self Government Rules and Guidelines.**

| | | |
|---|---|---|
| **Exclusions :** | **Clause 7.3** | **Design and Development** |
| | **Clause 7.5.2** | **Validation of Processes for service provision** |
| | **Clause 7.6** | **Control of Monitoring and Measuring devices** |

This certificate is issued in accordance with TQ Services Procedures and the terms and conditions of certification agreement.

| | | |
|---|---|---|
| Certificate Number | : | **TQS/Q-112** |
| Certificate issued on | : | 27th March 2015 |
| Certificate Valid up to | : | 26th March 2018 |
| Initial Audit date | : | 23rd March 2015 |
| Last amendment on | : | ------- |

NABCB QM 039

Sampat Sui
Chief of Certification
TQ SERVICES
HYDERABAD, INDIA

**TQ SERVICES**
A Division of Tata Projects Limited
2nd Floor, Varun Towers - I, Begumpet, Hyderabad - 500 016, India

ടുക്കുക

2. പ്രതിരോധ കുത്തിവെപ്പ് 100 ശതമാനം ഉറപ്പ് വരുത്തി ആരോഗ്യ സംരക്ഷണം
3. ഭിന്ന ശേഷിയുള്ള കുട്ടികളുടെ നാനാമുഖമായ വികസനം
4. പഠന വൈകല്യം കുറച്ച്കൊണ്ട് വരികയും പഠന നിലവാരം ഘട്ടം ഘട്ടമായി ഉയർത്തുകയും ചെയ്യുക
5. പീഠനങ്ങൾക്കും ചൂഷണങ്ങളൽക്കും ഇരയാകുന്നത് തടയുക
6. പുകവലി, മയക്ക് മരുന്ന്, മദ്യപാനം എന്നീ ദൂഷ്യങ്ങളിലേക്ക് പോകുന്നത് ചെറുക്കുക
7. മത്സര പരിക്ഷകൾ, അഖിലേന്ത്യ സിവിൽ സർവ്വീസ് പരിക്ഷകൾ എന്നിവയിൽ വിജയിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക
8. ലിംഗ അസമത്വങ്ങൾ കുറച്ച് വരികയും പെൺകുട്ടികളെ സ്വയം പ്രതിരോധത്തിന് പ്രാപ്തരാക്കി അവരിൽ ആത്മ വിശ്വാസവും സ്വയം പര്യാപ്തതയും ഉള്ളവരാക്കി തീർക്കുക
9. കായിക ശേഷി വർദ്ധിപ്പിക്കുകയും സർക്ഷ വാസനയെ പരിപോഷിപ്പിക്കുകയും ചെയ്യുക
10. ജനാധിപത്യ -മതേതര-ദേശ സ്നേഹ മൂല്യങ്ങലിൽ അവബോധം സൃഷ്ടിക്കുക

പഞ്ചായത്ത് ഓഫീസ് എന്ന പരിമിതിക്ക് പുറത്ത് കടന്ന് പൗരന് ലഭ്യമാക്കേണ്ട സേവനങ്ങൾ വേഗത്തിലും ഗുണമേൻമയിലും ഏറ്റവും ആധുനികമായ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിനൽകുന്നതിന് സദാ ജാഗ്രത പുലർത്തുന്ന പഞ്ചായത്ത് ഭരണ സമിതിയുടെയും അർപ്പണ മനോഭാവമുള്ള ഉദ്യോഗസ്ഥരുടെയും നിരന്തര പ്രയത്നത്തിന്റെ ഫലമാണ് മികച്ച സേവനം ജനങ്ങൾക്ക് നൽകുന്നതിന് പഞ്ചായത്തിനെ സഹായിച്ചത്. പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന്റെ പൗരസേവന പ്രദാനത്തിലുള്ള മികവിന് അർഹമായ അംഗീകാരം ലഭിച്ചതിൽ ഭരണസമിതിക്കും പഞ്ചായത്തിലെയും കൈമാറിക്കിട്ടിയ സ്ഥാപങ്ങളിലെയും ഉദ്യോസ്ഥർക്കും സർവോപരി ജനങ്ങളും വളരെയധികം സന്തോഷത്തിലാണ്.

*പുലാമന്തോൾ പഞ്ചായത്ത് സെക്രട്ടറിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്*



# വരുമാന സമാഹരണം
# കുലശേഖരപുരം
## ഗ്രാമപഞ്ചായത്തിന് ദേശീയ അംഗീകാരം

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഒരു കാർഷിക ഗ്രാമമാണ് കുലശേഖരപുരം. ആധുനികവത്കരണത്തിന്റേയും നഗരവത്ക്കരണത്തിന്റേയും ത്വരിതപാതയിലാണ് ഇന്ന് കുലശേഖരുരം ഗ്രാമപഞ്ചായത്ത്. സമഗ്രമായ ഭൗതീകസൗകര്യങ്ങൾ മെച്ചപ്പെട്ടില്ലെങ്കിൽ വികസനത്തിന്റെ ഭൂപടത്തിൽ നിന്നും കുലശേഖരപുരം ഗ്രാമപഞ്ചായത്ത് ഒറ്റപ്പെട്ടുപോകുമെന്ന തിരിച്ചറിവാണ് പഞ്ചായത്തിന്റെ മുഖഛായ മാറ്റുന്നതിനുള്ള ശ്രമങ്ങൾക്ക് പ്രേരകമായത്. 16.75 ചതുരശ്ര മീറ്ററിലായി വ്യാപിച്ചു കിടക്കുന്ന പഞ്ചായത്തിലെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 49157 ആണ്. കഴിഞ്ഞ 5 വർഷത്തെ സമഗ്ര വികസനത്തിന്റെ ഭാഗമായി സമഗ്രമേഖലകളിലും പുത്തൻ ഉണർവ്വ് ഉണ്ടാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കർഷകതൊഴിലാളികളും മത്സ്യതൊഴിലാളികളും കശുവണ്ടി തൊഴിലാളികളും കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ടില്ലാത്ത ഒരു അവസ്ഥയിൽ നിന്ന് സ്വയം പര്യാപ്തമായ ഒരു അവസ്ഥയിലേക്ക് പഞ്ചായത്തിനെ മാറ്റാൻ കഴിഞ്ഞു.

വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തണമെങ്കിൽ വരുമാനസമാഹരണം അനിവാര്യമാണ്. കേന്ദ്രസംസ്ഥാന സർക്കാരുകൾ അനുവദിയ്ക്കുന്ന പരിമിതമായ ഫണ്ടുകൾ ഉപയോഗിച്ച് വികസനം നടത്തുകയെന്നത് ദുഷ്കരമാണ്. പഞ്ചായത്ത് രാജ് ആക്ടിൽ തനത് വരുമാന സമാഹരണത്തിന് വളരെയധികം വ്യവസ്ഥകളുണ്ടെങ്കിലും ആയത് ഫലപ്രദമായി നിലവിൽ വിനിയോഗിക്കുന്നില്ലായെന്നു കാണാം. തനതു വരുമാന ശേഖരണത്തിൽ ഭരണസമിതിയുടേയും ജീവനക്കാരുടേയും കാര്യക്ഷമമായ ഇടപെടൽ മൂലവും പൊതുജനങ്ങളുടെ നിർലോഭമായ സഹകരണംമൂലവും കുലശേഖരപുരം ഗ്രാമപഞ്ചായത്തിന് കാര്യക്ഷമമായ പുരോഗതി ഉണ്ടാക്കുവാൻ കഴിഞ്ഞു. പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുന്ന നികുതി-നികുതിയേതര വരുമാനം ഉപയോഗിച്ച് തനതായ വികസന







പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്.

2009 വരെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാനസമാഹരണത്തിൽ കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. വസ്തുനികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി, പരസ്യ നികുതി, പെർമിറ്റ് ഫീസ് എന്നീ ഇനങ്ങളിൽ നികുതി ഇനത്തിൽ വർഷം തോറും വർദ്ധനവിനു പകരം നികുതി സ്രോതസ്സുകൾ കാര്യമായ ചോർച്ചയാണ് അനുഭവപ്പെട്ടുകൊണ്ടിരിന്നത്. പുതിയ നികുതികൾ കണ്ടെത്തുന്നതിനും ആയത് യഥാസമയം ഡിമാന്റ് ചെയ്യുന്നതിലും മുമ്പ് കാര്യമായി ശ്രദ്ധിച്ചിരുന്നില്ല. സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിച്ച് വികസന പദ്ധതികൾ ഏറ്റെടുക്കുന്ന പൊതു സമീപനത്തിൽ നിന്നും മാറി തനതു ഫണ്ടിൽ നിന്നും തനതായ ഒരു വികസന മോഡൽ നടപ്പാക്കാൻ കഴിഞ്ഞുവെന്നതാണ് കുലശേഖരപുരത്തിന്റെ പ്രത്യേകത. 2010–11 മുതൽ തുടർച്ചയായി 100% നികുതി പിരിവ് പഞ്ചായത്ത് നടത്തി വരുന്നു

കുലശേഖരപുരം ഗ്രാമപഞ്ചയത്തിന്റെ കഴിഞ്ഞ 5 വർഷത്തെ നികുതി-നികുതിയേതര വരുമാനത്തിലുള്ള പുരോഗതി താഴെ കൊടുക്കുന്നു.

## ഫ്രണ്ട് ഓഫീസ്

ജനോപകാരപ്രദമായ പദ്ധതികൾ ഏറ്റെടുക്കുന്നതിന് പുറമേ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് എത്തിക്കുന്നതിന് വേണ്ടി ആരംഭിച്ച ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. നവീനവും പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിച്ചതുമായ ഫ്രണ്ട് ഓഫീസ് സംവിധാനം സേവനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായി നൽകുന്നതിന് സുസജ്ജമാണ്. പ്രധാനപ്പെട്ട സാക്ഷ്യപത്രങ്ങൾ അപേക്ഷ നൽകുന്ന സമയത്ത് തന്നെ നൽകുന്നതിന് തൻമൂലം കഴിയുന്നു. സേവനം കൈപ്പറ്റുന്ന ഓരോ ഉപഭോക്താവിനും പ്രതീകരണ ഫോറം നൽകി അവരു

| Item | 2009-10 | 2010- 11 | 2011- 12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|---|---|
| Property Tax | 1,679,570 | 2,113,917 | 2,494,148 | 3,082,677 | 3,554,570 | 8672390 |
| Profession Tax | 1,237,568 | 1,861,322 | 2,286,890 | 2,435,750 | 2,863,278 | 3,087,800 |
| Entertainment Tax | 138,525 | 326,050 | 255,950 | 384,520 | 344,520 | 262,548 |
| License fees | 83,373 | 113,244 | 117,290 | 119,490 | 124,250 | 166,046 |
| Permit fees | 331,730 | 274,154 | 239,768 | 333,713 | 379,895 | 429,537 |
| Market receipts | 191,240 | 218,906 | 200,906 | 285,300 | 285,300 | 276,500 |
| Rent of Shops | 71,908 | 86,391 | 88,224 | 92,628 | 105,804 | 136,371 |
| TOTAL | 3,733,914 | 4,993,984 | 5,683,176 | 6,734,078 | 7,657,617 | 13031192 |

ടെ പ്രതികരണം കൂടി കണക്കിലെടുത്ത് സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കാറുണ്ട്. അഴിമതി രഹിതമായ ഭരണ സംവിധാനത്തിലൂടെ പൊതുജന സേവനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. നാഷ്ണൽ അക്രഡിറ്റേഷൻ ബോർഡിന്റെ ഗുണമേന്മ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള കടഠ 9001:2008 സർട്ടിഫിക്കറ്റ് നേടിയ പഞ്ചായത്ത് കൂടിയാണ് കുലശേഖരപുരം.

## അഴിമതിരഹിത സംവിധാനം

പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. അഴിമതിരഹിതമായ ഭരണസംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകളും മറ്റ് സേവനങ്ങളും പൊതുജനങ്ങൾക്ക് നിയമം നിഷ്ക്കർഷിക്കുന്ന സമയപരിധിയ്ക്കു മുമ്പേ തന്നെ നൽകുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ട്.

അടിസ്ഥാന സൗകര്യവികസനം, ഘടകസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അംഗൻവാടികളുടേയും സ്ക്കൂളുകളുടേയും നവീകരണം, മാർക്കറ്റുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കാർഷിക മേഖലയിലെ വിവിധ പദ്ധതികൾ തുടങ്ങിയവ വിജയകരമായി നടപ്പാക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. കരനെൽകൃഷി, ജി9-വാഴകൃഷി, ജൈവപച്ചക്കറി കൃഷി, സമ്പൂർണ്ണ ഫലവർക്ഷ കൃഷി, എള്ള് കൃഷി, കേരഗ്രാമം പദ്ധതി എന്നിവ കാർഷിക മേഖലയിലെ പുനരുജ്ജീവനത്തിന് വളരെയധികം സഹായകരമായ പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞു. ഐക്യരാഷ്ട്രസഭ 2014 ലോക കുടുംബകൃഷി വർഷമായി ആചരിക്കണമെന്ന ആഹ്വാനം ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തിലെ ഓരോ വീടുകളിലും കൃഷി മാതൃകാപരമായി നടത്തിയത് കൃഷിവകുപ്പിന്റെ പ്രത്യേക പ്രശംസയ്ക്ക് കാരണമായി. പഞ്ചായത്തിന്റെ കാർഷിക മേഖലയിലെ മാതൃകാ പ്രവർത്തനങ്ങൾ 'കുലശേഖരപുരം മോഡൽ' എന്നാണ് അറിയപ്പെടുന്നത്. സംസ്ഥാനത്തെ മികച്ച ജൈവ ഗ്രാമപഞ്ചായത്തിനുള്ള 2014-15 ലെ അവാർഡും കുലശേഖരപുരത്തിനായിരുന്നു.



തനത് വരുമാന ശേഖരണത്തിൽ മാതൃകാ പ്രവർത്തനം കാഴ്ചവെച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം തനത് വരുമാനശേഖരണ മാതൃക സംബന്ധിച്ച പ്രബന്ധം അവതരിപ്പിക്കുന്നതിന് 2015 ജൂൺ മാസം NIRD ഹൈദ്രാബാദിലേക്ക് ക്ഷണം ലഭിച്ചു. പഞ്ചായത്തിന്റെ തനത് വരുമാന ശേഖരണ മാതൃക ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടു. കേരളത്തിൽ നിന്നും കുലശേഖരപുരം ഗ്രാമപഞ്ചയാത്തിനെ മാത്രമാണ് തെരഞ്ഞെടുത്തത്.

2014-15 വർഷത്തെ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിൽ നിന്നുള്ള ദേശീയ അംഗീകാരം കുലശേഖരപുരം ഗ്രാമപഞ്ചായത്തിന് ലഭിച്ചത് വരുമാന സമാഹരണം മുൻനിർത്തിയാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും നല്ല ഗ്രാമപഞ്ചായത്തിനുള്ള 2014-15 വർഷത്തെ സ്വരാജ് ട്രോഫിയും കുലശേഖരപുരം നേടി. 201-112, 2012-13, 2013-14, 2014-15 എന്നീ നാല് തവണ തുടർച്ചയായി ഏറ്റവും നല്ല പഞ്ചായത്തിനുള്ള ജില്ലാതല സ്വരാജ് ട്രോഫിയും കുലശേഖരപുരം നേടിയിട്ടുണ്ട്.

# വാർത്തകളും വിശേഷങ്ങളും

### ട്രിഡയ്ക്ക് അംശദായം നൽകുന്നതിന് അനുമതി.

തിരുവനന്തപുരം വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ ട്രിഡയ്ക്ക് നൽകേണ്ട അംശദായം (സെന്റേജ് ചാർജ്) പഞ്ചായത്തുകൾ അവരുടെ കമ്മറ്റി തീരുമാനത്തിന് വിധേയമായി സ്പേഷ്യൽ ഠടആ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ട്രിഡയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം.1322/2016/തസ്വഭവ തീയതി, 23.03.2016.

### വായ്പ തുക തിരിച്ചടയ്ക്കാൻ നിർദ്ദേശം

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും വായ്പ എടുത്തിട്ടുള്ള തദ്ദേശസ്ഥാപനങ്ങളുടെ കുടിശ്ശിക 2015-16 വാർഷിക പദ്ധതി തുകയിൽ ചെലവാകാതെയിരിക്കുന്ന തുകയിൽ നിന്നും ഉപയോഗിക്കുവാൻ അനുമതി നൽകിയും, ഈ ആവശ്യത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശം നൽകിയും ഉത്തരവ് പുറത്തിറങ്ങി.

സ.ഉ.(സാധാ) നം.1312/2016/തസ്വഭവ തീയതി, 23.03.2016

### ഐ.എ.വൈ ഭവന പദ്ധതിക്കായി തുക ഉപയോഗിക്കുന്നതിന് അനുമതി.

2015-16 വാർഷിക പദ്ധതിയിൽ നടപ്പാക്കുവാൻ സാധ്യതയില്ലാത്ത പ്രൊജക്ടുകളിലെ തുക ജി.ഒ. പ്രൊജക്ടാക്കി തുക നേരിട്ട് ഐ.എ.വൈ പദ്ധതിക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) 1328/2016/തസ്വഭവ തീയതി, 26.03.2016

### കേരള സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ജി.ഒ.പ്രൊജക്ടായി നൽകുന്നതിന് അനുമതി.

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ജില്ലാ പഞ്ചായത്ത്/മുനിസിപ്പൽ കോർപ്പറേഷൻ 25 ലക്ഷം രൂപ വീതവും, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാറ്റി 10 ലക്ഷം രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും സംഭാവന നൽകുന്നതിന് ജി.ഒ. പ്രൊജക്ടായി അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) 1382/2016/തസ്വഭവ തീയതി, 31.03.2016.

### ഐ.കെ.എം. - ന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട്.

30.03.2016-ലെ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം.-ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും മാറ്റിവയ്ക്കുന്ന തുക ജി.ഒ. പ്രൊജക്ടായി നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം.1375/2016/തസ്വഭവ തീയതി, 31.03.2016

### അംഗൻവാടി വർക്കർമാരുടേയും, ഹെൽപ്പർമാരുടേയും അധികരിച്ച വേതനം നൽകുന്നത് സംബന്ധിച്ച് നിർദ്ദേശം.

അംഗൻവാടി വർക്കർമാരുടെ വേതനം 6,600/- രൂപയിൽ നിന്നും 10,000/- രൂപയായും, ഹെൽപ്പർമാരുടെ വേതനം 4,100/- രൂപയിൽ നിന്നും 7,000/- രൂപയായും വർദ്ധിപ്പിച്ചത് നൽകുന്നതിന് പ്രൊജക്ട് വയ്ക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രൊജക്ട് രൂപീകരിക്കുമ്പോൾ വികസന ഫണ്ടിൽ നിന്നും റീഫണ്ട് ചെയ്യുന്നതിനും അനുവാദം നൽകി.

സ.ഉ.(സാധാ) നം.1556/2016/തസ്വഭവ തീയതി, 30.04.2016

### വായ്പ കുടിശ്ശിക നൽകുന്നതിന് അനുമതി.

സംസ്ഥാനതല കോ-ഓർഡിനേഷൻ പരിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വായ്പ കുടിശ്ശിക അടയ്ക്കുന്നതിന് 2015-16 വർഷത്തെ പദ്ധതി തുകയിൽ ചിലവാകാതെയിരിക്കുന്ന തുക ഉപയോഗിക്കുവാൻ അനുമതി നൽകി ഉത്തരവായിരിക്കുന്നു. ഈ ആവശ്യത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ പാടില്ല എന്നും നിർദ്ദേശിച്ചിരിക്കുന്നു.

സ.ഉ.(സാധാ) നം.1610/2016/തസ്വഭവ തീയതി,04.05.2016

### ഇനോകുലം വാങ്ങി ഉപയോഗിക്കുന്നതിന് അനുമതി.


പെലിക്കൺ, ബയോടെക് & കെമിക്കൽ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന പെൽഗ്രീൻ കംപോസോർബ് എന്ന് പുനർനാമകരണം ചെയ്ത പെൽറിച്ച് കംപോസോർബ് എന്ന ഇനോകുലം വാങ്ങി ഉപയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് കൂടി അനുമതി നൽകി.

സ.ഉ.(സാധാ) നം.1478/2016/തസ്വഭവ തീയതി, 18.04.2016

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **May 2016**
Annual Subscription ₹120/-, Published on 20th **May 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS